മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

MY LORD AND MY GOD

Vol. 08 No. 18 THE ONLINE OFFICIAL NEWS BULLETIN 2025 May 01

SEASON OF THE RESURRECTION | ഉയിർപ്പുകാലം | ܥܕܢܐ ܕܩܝܡܬܐ

ܚܕ ܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
4	5	6	7	8	9	10
1st Sunday after New Sunday 20th Mem. of Sabhakavi Sri. C.P.Chandy (Pathanamthitta Basil Dayara)				Comme. of St. John the Evangelist 260th Mem. of Mar Thoma V (Niranam Valiya Palli)		Feast of St. Simon the Zealot Apostle
2	6	2	6	2	6	2



അഖില മലങ്കര പ്രാർത്ഥനായോഗ വാർഷിക സമ്മേളനം ഇടുക്കി ഭദ്രാസനത്തിലെ കുങ്കിരിപ്പെട്ടി സെന്റ് തോമസ് കത്തീഡ്രലിൽ പ. കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്തു. പ്രസ്ഥാനം പ്രസിഡന്റ് മാത്യൂസ് മാർ തേവോദോസിയോസ്, ഇടുക്കി ഭദ്രാസന മെത്രാപ്പോലീത്താ സഖറിയാ മാർ സേവേറിയോസ്, ഫാ. ബിജു മാത്യു, ഫാ. ബിജു ആൻഡ്രൂസ്, അഖില മലങ്കര പ്രാർത്ഥനായോഗം ജനറൽ സെക്രട്ടറി ഫാ. മത്തായി കുന്നിൽ, ഫാ. പ്രകാശ് കുറിയാക്കോസ്, ഫാ. മഹേഷ് പോൾ, സനാജി ജോർജ്, പി. എസ്. ജോർജ്, ഐസക് തോമസ്, വർഗീസ് കരിപ്പാടം എന്നിവർ സമീപം.



അഖില മലങ്കര ബസ്ക്യോമ്മോ അസ്സോസിയേഷൻ വാർഷിക സമ്മേളനം പരുമല സെമിനാരിയിൽ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതിയൻ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്യുന്നു. മോബ പ്രസിഡന്റ് ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ, ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ, അലക്സിയോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്താ, പരുമല സെമിനാരി മാനേജർ ഫാ. എൽദോസ് ഏലിയാസ് വൈസ് പ്രസിഡന്റുമാരായ ഫാ. സോളു കോശി രാജു, ജസ്സി വർഗ്ഗിസ് ജനറൽ സെക്രട്ടറി റെയ്ച്ചൽ പി.ജോസ്, ട്രഷറാർ ഷൈനി സാം, മിനി സൈമൺ, മിനി ഉമ്മൻ എന്നിവർ സമീപം.



പുത്തൻകാവ് പള്ളി ഏർപ്പെടുത്തിയ ആറാം മാർത്തോമാ അവാർഡ് പരിശുദ്ധ ബസ്സേലിയോസ് മാർത്തോമാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ, ഡോ. പുനലൂർ സോമരാജന് സമ്മാനിച്ചു.



ഫ്രാൻസിസ് മാർപാപ്പായുടെ കബറടക്ക ശുശ്രൂഷയിൽ മലങ്കര ഓർത്തഡോക്സ് സഭയെ പ്രതിനിധീകരിച്ച് യു.കെ.-യൂറോപ്പ്, ആഫ്രിക്ക ഭദ്രാസനാധിപനും, എക്യുമെനിക്കൽ റിലേഷൻസ് വിഭാഗം വൈസ് പ്രസിഡന്റുമായ എബ്രഹാം മാർ സ്തേഫാനോസ് മെത്രാപ്പോലീത്ത, എക്യുമെനിക്കൽ റിലേഷൻസ് സെക്രട്ടറി ഫാ. അശ്വിൻ ഫെർണാണ്ടസ്, വർക്കിംഗ് കമ്മിറ്റി അംഗം ജേക്കബ് മാത്യു എന്നിവർ പങ്കെടുക്കുന്നു.



കോട്ടയം ഭദ്രാസന യുവജന പ്രസ്ഥാനത്തിന്റെയും മന്ന ചാരിറ്റബിൾ ട്രസ്റ്റിന്റെയും നേതൃത്വത്തിൽ പരിശുദ്ധ പാമ്പാടി കുറിയാക്കോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ ചരമ കനക ജൂബിലിയോട് അനുബന്ധിച്ച് 100 ഡയാലിസിസ് കിറ്റ് വിതരണം ചെയ്തു.

പോർച്ചുഗീസ് അധിനിവേശവും നസ്രാണികളുടെ ചെറുത്തുനില്പും

അഡ്വ. ഡോ. പി. സി. മാത്യു പുലിക്കോട്ടിൽ

പറങ്കികളുമായി മല്ലടിച്ച് ജീവിതകാലം മുഴുവൻ സ്വസ്ഥത എന്തെന്നറിയാതെ മരണഭീതിയോടെ കഴിയേണ്ടിവന്ന ഗീവർഗീസ് അർക്കദിയാക്കോൻ 1637-ൽ ചരമമടഞ്ഞു. അദ്ദേഹത്തിന്റെ കുടുംബത്തിൽപെട്ട തോമസ് എന്ന വൈദികനെ അർക്കദിയാക്കോനായി നിയമിക്കുകയും ചെയ്തു. ഗീവർഗീസ് അർക്കദിയാക്കോൻ, വയസ്സനായ ബ്രിട്ടോ മെത്രാനെ കുരങ്ങു കളിപ്പിക്കുകയാണെന്നായിരുന്നല്ലോ പരാതി. എന്നാൽ തോമസ് അർക്കദിയാക്കോൻ വന്നിട്ടും ബ്രിട്ടോയുടെ സ്ഥിതിക്കു വ്യത്യാസം ഒന്നും കണ്ടില്ല. മലങ്കരയിലെ കുഴപ്പങ്ങൾ പരിഹരിക്കുന്നതിനും അർക്കദിയാക്കോനെ വേണ്ടവിധം നിയന്ത്രിക്കുന്നതിനും ബ്രിട്ടോയെ കൊണ്ടും സാധിക്കുകയില്ലെന്ന് പറങ്കി അധികാരികൾക്കു തോന്നിയപ്പോൾ ഫ്രാൻസിസ് ഗാർസിയായെ ബ്രിട്ടോയുടെ കോ-അഡ്ജ്യൂട്ടറും പിൻഗാമിയും ആയി 1633-ൽ നിയമിച്ചു. ഗീവർഗീസ് അർക്കദിയാക്കോൻ മരിക്കുന്നതിനു നാലു വർഷം മുമ്പായിരുന്നു ഈ നിയമനം. ഇതുകൊണ്ടൊന്നും വലിയ പ്രയോജനമുണ്ടായില്ല. ഉദയമ്പേരൂരിൽ വെച്ച് ഭൂരിപക്ഷം നസ്രാണികളെ റോമാ സഭയിൽ ചേർത്തു എന്ന് മെനെസിസ്സ് വിശ്വസിച്ചു. അർക്കദിയാക്കോനെയും ഒട്ടു മിക്കവാറും വൈദികരേയും റോമാ സഭയിലെ അംഗങ്ങളാക്കി. മലങ്കരയിലെ അർക്കദിയാക്കോന്മാരുടെ പൂർവ്വികാധികാരാവകാശങ്ങൾ എല്ലാം എടുത്തുകളഞ്ഞു എന്നൊക്കെയായിരുന്നു പറങ്കി സങ്കല്പങ്ങൾ. പാറേട്ടിന്റെ ഭാഷയിൽ പറഞ്ഞാൽ ഇതെല്ലാം ഏട്ടിൽ ഒതുങ്ങി നിന്നു. പയറ്റിൽ നസ്രാണികളിൽ മഹാ ഭൂരിഭാഗവും അർക്കദിയാക്കോനെ ഭരണാധികാരിയായി കണക്കാക്കി അദ്ദേഹത്തിന്റെ ആജ്ഞ അനുസരിച്ചുപോന്നു. വൈദികർ ഭൂരിപക്ഷവും അർക്കദിയാക്കോന്റെ പിമ്പിൽ അണിനിരന്നു നിന്നു. ജനങ്ങളുടെ ഇടയിൽ വേർതിരിവ് പ്രത്യക്ഷത്തിൽ ദൃശ്യമായിരുന്നു. റോമാക്കാരെ മറ്റൊരു വർഗ്ഗമായി അല്പം വെറുപ്പോടു കൂടിത്തന്നെ നസ്രാണികൾ വീക്ഷിച്ചുപോന്നു. റോമാക്കാർക്കും നസ്രാണികളോട് താല്പര്യമുണ്ടായിരുന്നില്ല. വ്യത്യസ്ത സംസ്കാരം കാത്തുസൂക്ഷിക്കുന്നവരായി അവർ വേർതിരിഞ്ഞു നിന്നു. “എണ്ണയും വെള്ളവും ഒരേ പാത്രത്തിലായി എങ്കിലും അവ കൂടിക്കലർന്നില്ല” എന്ന് മനോഹരമായ ഒരു ഉപമ കൊണ്ട് പാറേട്ട് ഈ സ്ഥിതിവിശേഷത്തെ വർണ്ണിക്കുന്നുണ്ട്. ഇതിന് ആരെയും കുറ്റം പറഞ്ഞിട്ട് കാര്യമില്ല. ബ്രിട്ടോയെയൊ, ഗാർസിയായെയോ, ഗീവർഗീസ് അർക്കദിയാക്കോനെയോ ഇളമുറക്കാരൻ തോമസ് അർക്കദിയാക്കോനെയോ ഇക്കാര്യത്തിൽ കുറ്റപ്പെടുത്താനാവില്ല. അവരുടെ സ്ഥാനത്ത് മറ്റാരെങ്കിലും ആയിരുന്നെങ്കിലും ഏറെക്കുറെ ഇങ്ങിനെ തന്നെയായിരിക്കും സംഭവിക്കുക. തമ്മിൽ യാതൊരു അടുപ്പവും സാമ്യവുമില്ലാത്ത രണ്ട് വ്യത്യസ്ത സംസ്കാരങ്ങളെ - ഒന്ന് യൂറോപ്പിൽ നാഗരിക പരിഷ്ക്കാരത്തിൽ വളർന്ന് വികസിച്ച സംസ്കാരം, മറ്റൊന്ന് ആർഷഭാരതത്തിന്റെ ശാലീനത ആവാഹിച്ച നിർമ്മല സംസ്കാരം - ഇരുമ്പുമുഷ്ടികൊണ്ട് ബലം പ്രയോഗിച്ച് ഒന്നിപ്പിക്കാനാണ് റോമാ സഭ യത്നിച്ചത്. അത് പരാജയപ്പെടുന്നതിൽ - അല്ല തികച്ചും പരാജയപ്പെട്ടതിൽ എന്നു പറയണം - അത്ഭുതമില്ല.

പാറേട്ടിനെ വീണ്ടും ഉദ്ധരിക്കട്ടെ: “ഉദയമ്പേരൂർ സുന്നഹദോസിൽ വെച്ചും, പിന്നീട് കൂനൻകുരിശിങ്കൽ വച്ചും, നസ്രാണികൾ മൂശകളിൽ കിടന്ന് ഉരുകി എന്നു തന്നെ പറയാം. അങ്ങനെ ഉരുകിയതിൽ ഒരു വിഭാഗത്തെ റോമായോട് ഉരുകിയ നിലയിൽ ചേർത്തു എന്നാണല്ലോ വയ്പ്. എന്നിട്ടുപോലും അങ്ങനെ ചേർന്നവർ ഇന്നും, നാനൂറ് അഞ്ഞൂറ് വർഷങ്ങൾ കഴിഞ്ഞിട്ടും പഴയ റോമാക്കാരിൽ ലയിച്ചുപോയിട്ടില്ല; രണ്ടും ഏകീഭവിച്ചിട്ടില്ല. അവരുടെ സംസ്കാരങ്ങൾ തമ്മിൽ ഇന്നും ചിലപ്പോഴോ, ചിലയിടങ്ങളിലോ പൊരുത്തമില്ലാത്ത അവസ്ഥ പ്രത്യക്ഷപ്പെടുത്തുന്നുണ്ട്. അപ്പോൾ ഉദയമ്പേരൂർ ബലാൽക്കാരം



കഴിഞ്ഞ ഉടനെ സംജാതമായ സ്ഥിതിഗതികൾ എന്തൊക്കെയായിരുന്നിരിക്കാം എന്ന് അനുമാനിക്കാൻ പണിയില്ല” (*മലങ്കര നസ്രാണികൾ*, വാല്യം 2, പേജ് 375).

ബ്രിട്ടോയുടെ ഭരണകാലത്ത് 75 പള്ളികളുടെ നടത്തിപ്പിനായി 300-ൽ പരം പട്ടക്കാരും, ശെമ്മാശന്മാരും ആണ് ഉണ്ടായിരുന്നത്. ഇത് സഭയ്ക്ക് ദുർവഹമായി കണ്ടതിനാൽ 1627-ൽ ബിഷപ്പും, അർക്കദിയാക്കോനും വളരെ അധികം ജെസ്വിത്ത് മിഷനറിമാരും ഒരു യോഗം കൂടി ആലോചിച്ചു. സെമിനാരിയിലെ വിദ്യാർത്ഥികളുടെ പ്രവേശനം നിയന്ത്രിക്കണമെന്ന് തീരുമാനിച്ചു. ഏറ്റവും സമർത്ഥരായ വിദ്യാർത്ഥികൾക്കേ പട്ടം കൊടുക്കാവൂ എന്നും ശേഷിച്ചവരെ അഞ്ചാറു വർഷത്തെ പഠനത്തിനു ശേഷം പിരിച്ചയക്കണമെന്നും നിശ്ചയിച്ചു. ഇടവകയുടെ നന്മയ്ക്കായി വൈദികസെമിനാരിയിൽ ഒരു പുതിയ പ്രസ്ഥാനം ‘ഹൗസ് ഓഫ് റിക്കലക്റ്റ്സ്’ ബ്രിട്ടോ ആരംഭിച്ചെങ്കിലും അത് വിജയിച്ചില്ല. അതുകൊണ്ട് 1634-ൽ വൈപ്പിൻകോട്ട സെമിനാരി അടച്ചുപൂട്ടേണ്ടി വന്നു. 1641

ഡിസംബർ രണ്ടിനു സ്റ്റീഫൻ ബ്രിട്ടോ മെത്രാൻ അന്തരിച്ചു.

ഫ്രാൻസീസ് ഗാഴ്സ്യ (1641-1659)

സ്റ്റീഫൻ ബ്രിട്ടൊ മെത്രാന്റെ കാലശേഷം ആർച്ച്ബിഷപ്പായി ഭരണം ഏറ്റെടുത്തത് ബ്രിട്ടൊയുടെ കോ അഡ്ജൂട്ടർ ആയി 1633-ൽ വാഴിക്കപ്പെട്ട ഫ്രാൻസിസ് ഗാഴ്സ്യ എന്ന ജെസ്യൂിത്തനാണ്. നസ്രാണികളെ ഒന്നിച്ചു ഭരിച്ച മൂന്നാമത്തെ ലത്തീൻ മെത്രാനായിരുന്നു ഇദ്ദേഹം. തത്വശാസ്ത്രത്തിലും, വേദശാസ്ത്രത്തിലും നിപുണനായിരുന്നു. രണ്ടു വിഷയങ്ങളും വൈദികസെമിനാരിയിൽ ദീർഘകാലം പഠിപ്പിച്ചു. കാനോൻ നിയമത്തിൽ മഹാപണ്ഡിതനായിരുന്നു. ഗാഴ്സ്യ 1659 സെപ്തംബർ മൂന്നിനു കാലം ചെയ്യുമ്പോൾ ജെസ്യൂിത്ത് സന്യാസിസംഘത്തിൽ ചേർന്നിട്ട് 57 വർഷം കഴിഞ്ഞിരുന്നു. നസ്രാണികളെ ലത്തീൻകാരായി മാറ്റിഎടുക്കുവാൻ ഗാഴ്സ്യ തന്റെ മുഴുവൻ ശക്തിയും പ്രയോഗിച്ചു. ഗാഴ്സ്യ മെത്രാനെപ്പറ്റി ഫെറോളി ഇങ്ങനെ പറയുന്നു: "കാർമേഘം ഉരുണ്ടു കൂടിയപ്പോൾ അദ്ദേഹത്തിന്റെ ഉഗ്രതയേയും തീക്ഷ്ണതയേയും അവർ കുറ്റപ്പെടുത്താൻ തുടങ്ങി. അദ്ദേഹത്തിന്റെ തീക്ഷ്ണതയോ, നിഷ്ഠൂരതയോ ദയയോടു കൂടിയതായിരുന്നു. അന്നത്തെ ശിഥിലീകൃത വാസനയെ തടുത്തുനിർത്താൻ അതു ആവശ്യവുമായിരുന്നു."

ഇതിനെക്കുറിച്ച് പാറേട്ടിന്റെ അഭിപ്രായം താഴെ കൊടുക്കുന്നു: "മലങ്കര നസ്രാണികൾ ആയിരത്തിഅഞ്ഞൂറിലധികം വർഷക്കാലം, അവരുടെ പൂർവ്വികന്മാരുടെ നിരവധി തലമുറകൾ തുടർച്ചയായി, സ്വീകരിച്ചുവന്ന നടപടികളിലും, മതത്തിലും, വിശ്വാസാചാരങ്ങളിലും ഉറച്ചുനിൽക്കാൻ ചെയ്ത ശ്രമങ്ങളെ തട്ടിതകർക്കാൻ ജെസ്യൂിത്തൻ ഗാഴ്സ്യ 'ദയയോടു ചേർന്ന നിഷ്ഠൂരത' എടുത്തു വിളമ്പിയതിനെ ജെസ്യൂിത്തൻ ഫെറോളി നീതീകരിക്കുകയാണ്. അതിൽ അത്ഭുതപ്പെടാനൊന്നുമില്ല" (*മലങ്കര നസ്രാണികൾ*, വാല്യം 2, പേജ് 376).

വൈദികരുടെ ബ്രഹ്മചര്യം, പള്ളികളിൽ രൂപങ്ങളുടെ പ്രതിഷ്ഠ, ആരാധനകളിൽ സുറിയാനി ഭാഷയ്ക്കു പകരം ലത്തീൻ ഭാഷയുടെ ഉപയോഗം എന്നിവയും, ജെസ്യൂിത്ത് സന്യാസിമാരുടെ അഹങ്കാര മനോഭാവവും പെരുമാറ്റവും സുറിയാനി ക്രിസ്ത്യാനികളെ വേദനിപ്പിച്ചു എന്നു മാത്രമല്ല അവരെ വല്ലാതെ പ്രകോപിപ്പിക്കുകയും ചെയ്തു. അർക്കദിയാക്കോൻ കാലങ്ങളായി അനുഭവിച്ചുവന്നിരുന്ന അധികാര അവകാശങ്ങൾ തുടർന്നും കാത്തുസൂക്ഷിക്കണമെന്ന് തോമ്മാ അർക്കദിയാക്കോൻ ആഗ്രഹിച്ചു. അർക്കദിയാക്കോന്റെ സഹായം കൂടാതെ മലങ്കര ഭരിക്കണമെന്ന് ഗാഴ്സ്യയും തീരുമാനിച്ചു. ഈ രീതിയിൽ രണ്ടുപേരും വഴക്കിൽ കഴിഞ്ഞുകൂടി.

ഈ ഗാഴ്സ്യയുടെ കാലത്താണ് കൂനൻകുരിശു സത്യം നടന്നത്. കൂനൻകുരിശു വിപ്ലവത്തെക്കുറിച്ച് പാറേട്ടിന്റെ അഭിപ്രായം രേഖപ്പെടുത്തിക്കൊള്ളുന്നു: "രണ്ടു ലക്ഷം മലങ്കര നസ്രാണികൾ ഒറ്റക്കെട്ടായി എണീറ്റ് കൂനൻകുരിശു സത്യം എന്ന പേരിൽ അറിയപ്പെടുന്ന വിപ്ലവത്തിലൂടെ സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. രണ്ടു ലക്ഷത്തിലുണ്ടായിരുന്ന നാനൂറു കരിങ്കാലികളെന്ന പുളിപ്പു പ്രയോഗിച്ച്, അപ്പത്തിൽ മുക്കാൽ ഭാഗവും റോമാക്കാർ പിന്നീട് പുളിപ്പിച്ചു എന്നത് ഞങ്ങൾ വിസ്മരിക്കുന്നില്ല."

ഗാഴ്സ്യയുടെ ഭരണകാലം കൂനൻകുരിശു സത്യ കാലമായിരുന്നതിനാൽ രണ്ടും കൂടി വേർതിരിക്കാൻ പ്രയാസമാണ്. കൂനൻകുരിശു വിപ്ലവം വിശദമായി എഴുതേണ്ടതുള്ളതുകൊണ്ട് ഗാഴ്സ്യയുടെ ഭരണചരിത്രം ദീർഘിപ്പിച്ചു എഴുതുന്നില്ല. സുറിയാനിക്കാരുടെ വികാരങ്ങൾ മനസ്സിലാക്കി പ്രവർത്തിക്കുന്നതിനോ അർക്കദിയാക്കോനുമായി രമ്യതയിൽ കഴിയുന്നതിനോ ഇദ്ദേഹത്തിനു സാധിച്ചില്ലെന്ന് റോമൻ ചരിത്രകാരന്മാർ തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. അർക്കദിയാക്കോന്റെ അധികാരത്തെ ദുർബലപ്പെടുത്തുന്ന തരത്തിലുള്ള ബിഷപ്പിന്റെ പ്രവർത്തനങ്ങളിൽ അർക്കദിയാക്കോനും, നസ്രാണികളും ഒരുപോലെ ആശങ്കാകുലരായിത്തീർന്നു. ജനങ്ങൾക്ക് ഈശോ സഭക്കാരോടുള്ള വിരോധം അതിന്റെ മൂർദ്ധന്യാവസ്ഥയിൽ എത്തിയിരുന്നു. പുകഞ്ഞുകൊണ്ടിരിക്കുന്ന അഗ്നിപർവ്വതത്തിനു തുല്യമായിരുന്നു അന്നത്തെ മലങ്കരസഭയിലെ നില.

ഗാഴ്സ്യയുടെ ഭരണകാലത്താണ് കർമ്മലീത്താ സന്യാസികൾ പ്രവർത്തനത്തിനായി മലങ്കരയിൽ പ്രവേശിക്കുന്നത്. ജെസ്യൂിത്തർ മലങ്കരയിൽ മുടിചൂടാമന്നന്മാരായി കഴിയുന്ന കാലമായിരുന്നു. ഡോമിനിക്കൻ സഭക്കാർ സുവിശേഷപ്രവർത്തനത്തിനായി വന്നതു തന്നെ ജെസ്യൂിത്തന്മാർക്ക് പിടിച്ചിരുന്നില്ല. അതിനിടയിലാണ് കർമ്മലീത്തക്കാരുടെ എഴുന്നള്ളത്ത്! കർമ്മലീത്തക്കാർ വത്തിക്കാന്റെ ശീതളഛായയിൽ വളരുന്നവരാണ്. മാർപാപ്പായുടെ വാത്സല്യവാന്മാരാണ് തങ്ങൾ എന്ന ഭാവത്തിലായിരുന്നു അവരുടെ വരവ്. മൂന്നു സന്യാസ സഭകളും കൂടി മലങ്കരയിൽ ഒത്തുചേർന്നപ്പോൾ പോര് ത്രികോണമത്സരമായി രൂപംപ്രാപിച്ചു.

ഗാഴ്സ്യയുടെ ഭരണകാലം ആയതോടു കൂടി പറങ്കികളുടെ കേരളത്തിലെ അധഃപതന കാലം ആയിത്തുടങ്ങി. പോർച്ചുഗീസുകാർ ഇന്ത്യയിൽ പ്രബലന്മാരായിരുന്നപ്പോൾ അവരുടെ കാലത്തെ മൂന്നു ഘട്ടങ്ങളായിട്ടാണ് ചരിത്രകാരന്മാർ വേർതിരിച്ചിരിക്കുന്നത്. ഇന്ത്യയുമായി ബന്ധം ആരംഭിച്ച പതിനഞ്ചാം ശതകത്തിന്റെ അന്ത്യം മുതൽ 1561 വരെ ബാല്യം. 1561 മുതൽ 1600 വരെ പൂർണ്ണ യൗവ്വനം. 1600-നു ശേഷം വാർദ്ധക്യത്തിലേക്ക് അതിവേഗം അവർ അവരോഹണം ചെയ്തു തുടങ്ങി. ആദ്യകാലത്ത് മുന്നേറണം എന്ന് ആഗ്രഹിച്ച് അവർ പ്രയത്നിച്ചു മുന്നേറി എന്നു കണ്ടപ്പോൾ പിന്നെ അഴിമതിയും തോന്നാസ്യവും തുടങ്ങി. വൈസ്രോയി ആയി നിയമിക്കപ്പെടുന്ന ആൾ പോലും അഴിമതിക്കും അതിക്രമ പ്രവർത്തികൾക്കും കുപ്രസിദ്ധി ആർജ്ജിക്കാൻ തുടങ്ങി. ഓരോ കൊല്ലം ചെല്ലുന്തോറും പോർച്ചുഗീസുകാരുടെ അതിക്രമ പ്രവൃത്തികൾ കൂടിക്കൂടി വന്നു. *കേരളപ്പഴമ*യിൽ ഈ സംഗതികളെക്കുറിച്ച് വിസ്തരിച്ചു പറയുന്നുണ്ട്. "സ്വന്തം നിലയിൽ ധനമാർജ്ജിക്കുവാൻ ശ്രമിച്ചു എന്നും നീതിന്യായ ഭരണം വളരെ ചീത്തയാക്കി എന്നും ഉള്ള സംഗതിക്കു പിന്നെ വൈസ്രോയിയായി വന്ന ഡാം ഡ്യുമാർട്ടി മെനെസിസ്സ് എന്ന ആളും മടക്കി വിളിക്കപ്പെട്ടു" (*കൊച്ചി രാജ്യചരിത്രം*, പേജ് 198). ഈ അവസരത്തിലാണ് ഇന്ത്യ കണ്ടുപിടിച്ച വാസ്കോഡി ഗാമയെ വൈസ്രോയി ആയി അയച്ചത്.

*കൊച്ചി രാജ്യചരിത്ര*ത്തിൽ നിന്ന് ആ ഭാഗം ഉദ്ധരിക്കുന്നു: "ഈ വിധമുള്ള ക്രമക്കേടുകളെ നിറുത്തൽ ചെയ്‌വാൻ മാത്രം പ്രാപ്തിയുള്ള ഒരാളെ വൈസ്രോയി ആയി അയക്കണമെന്നു പോർച്ചുഗൽ രാജാവ് നിശ്ചയിച്ചു. മുമ്പ് ഇന്ത്യാ രാജ്യം കണ്ടെത്തിയ വാസ്കോഡി ഗാമയെ 1524-ൽ അയച്ചു. അന്ന് അദ്ദേഹത്തിനു പ്രായം കുറെ അധികമായിരുന്നു. ഇവിടെ എത്തി മൂന്നു മാസത്തിനകം മരിക്കുകയും ചെയ്തു. എന്നാൽ ഈ ചുരുങ്ങിയ കാലത്തിനിടയിൽ അക്രമനടപടികളെ നിർത്തൽ ചെയ്‌വാനും പോർച്ചുഗീസുകാരുടെ പേരിനെ പിന്നെയും നല്ല നിലയിൽ കൊണ്ടുവരുവാനും അദ്ദേഹം വളരെ ഉത്സാഹിച്ചു. 1524 ഡിസംബർ 24-നു കൊച്ചിയിൽ വെച്ചു മരിച്ചു. ഇപ്പോഴുള്ളതായ ഗവർമെണ്ടു പള്ളിയിൽ ഒരു പ്രധാന സ്ഥലത്ത് അദ്ദേഹത്തിന്റെ ശവം മറവു ചെയ്തു. വാസ്കോഡി ഗാമ മരിക്കുന്നതിനു മുമ്പ് തന്റെ അഭീഷ്ടം പറഞ്ഞു വെച്ചിരുന്നതുപോലെ, 13 കൊല്ലത്തിനു ശേഷം അദ്ദേഹത്തിന്റെ ശരീരാവശിഷ്ടം കൊച്ചിയിൽ നിന്ന് പോർച്ചുഗലിലേയ്ക്കു നീക്കം ചെയ്തു."

വാസ്കോഡി ഗാമ മരിച്ച് മുക്കാൽ നൂറ്റാണ്ട് കഴിഞ്ഞാണ് ഉദയമ്പേരൂർ സുന്നഹദോസ് കൂടുന്നത്. ഗാമയുടെ കാലത്തു തന്നെ പോർച്ചുഗീസുകാരുടെ ഇന്ത്യയിലെ ഭരണം കുത്തഴിഞ്ഞ രീതിയിലായിരുന്നു. കൊള്ളരുതായ്മകളെ നിർത്തൽ ചെയ്യാനാണല്ലോ വൃദ്ധനായ ഗാമയെ വീണ്ടും കേരളത്തിലേക്ക് അയച്ചതും. മെനെസിസ്സ് കേരളത്തിൽ വന്ന് കാട്ടിക്കൂട്ടിയതും ആ കൊള്ളരുതായ്മയുടെ ഒരു ഭാഗമായിരിക്കാം! കാലം കഴിയുംതോറും പോർച്ചുഗീസുകാരുടെ അക്രമപ്രവൃത്തികളും മറ്റും വർദ്ധിച്ചുവന്നു. ഗാഴ്സ്യയുടെ കാലമായപ്പോഴേക്കും കൊള്ളരുതായ്മ പാരമ്യത്തിൽ എത്തിക്കഴിഞ്ഞിരുന്നു. "ക്രി. അ. 16-ാം നൂറ്റാണ്ടിന്റെ അവസാനത്തോടു കൂടി പോർച്ചുഗീസുകാരുടെ അധഃപതനകാലത്തിന്റെ ആരംഭമായി. അവർ ആദ്യം മുതൽക്കേ ജനോപദ്രവവും, അനീതിയും, ചെയ്യുന്നതിൽ മടിയുള്ളവരായിരുന്നില്ല. ഐശ്വര്യം വർദ്ധിച്ചതോടു കൂടി ഡംഭും, ദ്രവ്യത്തിൽ അധിയായ ആസക്തിയും വർദ്ധിച്ചുവന്നു. ഏതുവിധവും വിത്തമാർജിക്കണമെന്നുള്ള വിചാരമേ അവർക്കുണ്ടായിരുന്നുള്ളു. ദ്രവ്യലാഭം ഉണ്ടാകുന്ന സംഗതിയിൽ സ്നേഹവും, വിശ്വാസവും, നന്ദിയും, ഉപകാര സ്മരണയും എല്ലാം വിസ്മരിച്ചു കളഞ്ഞു" (*കൊച്ചി രാജ്യചരിത്രം*, പേജ് 208).

ഗാഴ്സ്യയുടെ ഭരണകാലം ആയപ്പോഴേക്കും പോർച്ചുഗീസുകാരുടെ അധഃപതനത്തിന്റെ പല ലക്ഷണങ്ങൾ കണ്ടു തുടങ്ങിയിരുന്നു. ഡച്ചുകാർ ഇതിനകം പോർച്ചുഗീസുകാരുടെ വക സ്ഥലങ്ങൾ പിടിച്ചെടുക്കുവാൻ തുടങ്ങിക്കഴിഞ്ഞു. 1639-ൽ പോർച്ചുഗീസുകാരുടെ ഇന്ത്യയിലെ തലസ്ഥാനമായ ഗോവാ ഡച്ചുകാർ വളഞ്ഞു. പക്ഷേ കൈവശപ്പെടുത്തുവാൻ കഴിഞ്ഞില്ല. 1655-ൽ വിംഗോർള എന്ന പോർച്ചുഗീസുകാരുടെ സ്ഥലം കൈവശപ്പെടുത്തി. 1658-ൽ സിലോണിൽ നിന്ന് പോർച്ചുഗീസുകാരെ ഓടിച്ചുകളഞ്ഞു. ലന്തക്കാർ പറങ്കികളെ ഇടവും വലവും അടിക്കുന്നതു കണ്ടപ്പോഴാണ് നസ്രാണികൾക്ക് ഉശിരുണ്ടായതെന്ന് ചില ചരിത്രകാരന്മാർ കുറച്ചു തമാശയായും, കുറച്ചൊക്കെ കാര്യ

മായും എഴുതിയിട്ടുണ്ട്. അതു മുഴുവൻ ശരിയാകണമെന്നില്ല. ഡച്ചുകാർ പോർച്ചുഗീസുകാരെ അടിച്ചു വീഴ്ത്തി കൊച്ചിക്കോട്ട പിടിച്ചത് 1663-ലാണ്. അതിന് പത്ത് വർഷം മുമ്പാണ് പറങ്കികൾ അഹത്തള്ളാ ബാവായെ അകപ്പെടുത്തിയതും നസ്രാണികൾ കൂനൻകുരിശു സത്യം ചെയ്തതും.

*മലങ്കര ഓർത്തഡോക്സ് സഭാ വിജ്ഞാനകോശ*ത്തിൽ ഫ്രാൻസിസ് ഗാഴ്സ്യ ആർച്ച്ബിഷപ്പിനെക്കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്ന ഭാഗം താഴെ കൊടുക്കുന്നു (പേജ് 552): "മലങ്കര ക്രിസ്ത്യാനികളെ റോമൻ കത്തോലിക്കാ സഭാ വിശ്വാസികളായി രൂപാന്തരപ്പെടുത്താൻ ഗാഴ്സ്യ വളരെയധികം പ്രയത്നിച്ചിരുന്നു. വൈദികരുടെ ബ്രഹ്മചര്യം, പള്ളികളിൽ രൂപങ്ങളുടെ പ്രതിഷ്ഠ, ആരാധനകളിൽ സുറിയാനി ഭാഷയ്ക്കു പകരം ലത്തീൻ ഭാഷയുടെ ഉപയോഗം എന്നിവയും ജെസ്വിത്തരുടെ അഹങ്കാര മനോഭാവവും പെരുമാറ്റവും സുറിയാനി ക്രിസ്ത്യാനികളെ വേദനിപ്പിച്ചു എന്നു മാത്രമല്ല പ്രകോപിപ്പിക്കുകയും ചെയ്തു.

മലങ്കരസഭയിൽ അർക്കദിയാക്കോന്മാർ പരമ്പരാഗതമായി അനുഭവിച്ചു വന്നിരുന്ന അവകാശങ്ങൾ പരിരക്ഷിക്കണമെന്ന് തോമ്മാ അർക്കദിയാക്കോൻ ആഗ്രഹിച്ചിരുന്നു. അർക്കദിയാക്കോന്റെ സഹകരണം കൂടാതെ സ്വയമേ ഭരിക്കണമെന്ന് ഗാഴ്സ്യയും നിശ്ചയിച്ചിരുന്നു. ഈ രീതിയിൽ രണ്ടു പേരും പിണക്കത്തിൽ കഴിഞ്ഞുകൂടി.

ഗാഴ്സ്യയും അർക്കദിയാക്കോനും വിരോധത്തിൽ കഴിഞ്ഞുവരവേ, അർക്കദിയാക്കോൻ 1645-ൽ ഗാഴ്സ്യയ്ക്ക് എതിരെ പോർച്ചുഗീസ് വൈസ്രോയിക്ക് പരാതി ബോധിപ്പിച്ചു. തുടർന്ന്, 1653-ൽ കൂനൻകുരിശു സത്യം മൂലം അർക്കദിയാക്കോൻ ഗാഴ്സ്യയ്ക്കെതിരെ സ്വാതന്ത്ര്യ പ്രഖ്യാപനം നടത്തി. കൂനൻകുരിശു സത്യം കഴിഞ്ഞ ഉടനെ തദ്ദേശിയ മുന്നേറ്റത്തെ അടിച്ചമർത്തുവാൻ ഗാഴ്സ്യ പോർച്ചുഗീസ് സഹായം അഭ്യർത്ഥിച്ചു. നാട്ടുരാജാക്കന്മാരുടെ സഹകരണവും തേടി. എന്നാൽ ഗോവയിലെ അധികാരികൾ അതിൽ നിന്ന് അദ്ദേഹത്തെ പിന്തിരിപ്പിച്ചു. എങ്കിലും ഗാഴ്സ്യ, മാർത്തോമ്മാ ഒന്നാമനെ (തോമ്മാ അർക്കദിയാക്കോനെ) ബന്ധനസ്ഥനാക്കുന്നതിന് പോർച്ചുഗീസ് ഭടന്മാരെ നിയോഗിച്ചിരുന്നു."

കൂനൻകുരിശു സത്യത്തിന് വളരെ മുമ്പു തന്നെ ഗാഴ്സ്യയും, തോമ്മാ അർക്കദിയാക്കോനും തമ്മിലുള്ള സൗഹൃദം താറുമാറായി കഴിഞ്ഞിരുന്നു. അർക്കദിയാക്കോനെയും, അദ്ദേഹത്തിന്റെ കീഴിലുള്ള സുറിയാനിക്കാരെയും അമർച്ച ചെയ്യാനായിരുന്നു ആർച്ച് ബിഷപ്പിന്റെ ഓരോ നീക്കവും. ഈ കാര്യത്തിൽ തന്റെ മുൻഗാമി തോറ്റു പോയിടത്ത് വിജയിക്കുന്നതിനാണ് അദ്ദേഹം ശ്രമിച്ചത്. ജെസ്വിത്തരെ നസ്രാണികൾ കഠിനമായി വെറുക്കുന്നു എന്നും, റോമാനുകം വലിച്ചെറിയാൻ അവർ തക്കം നോക്കിയിരിക്കുകയാണെന്നും ഏറെക്കുറെ ഗാഴ്സ്യയ്ക്കു തന്നെ അറിയാമായിരുന്നു. ഉദയംപേരൂർ നിശ്ചയങ്ങളെ ഗാഴ്സ്യ തിരസ്കരിക്കുന്നു എന്ന് കുറ്റപ്പെടുത്തി ഒരു ഹർജി തയ്യാറാക്കി രാജാക്കന്മാരെ കൂടാതെ പ്രമുഖ സുറിയാനി ക്രിസ്ത്യാനികളുടെയും ഒപ്പുകൾ ശേഖരിച്ചുകൊണ്ട് ഗോവയ്ക്ക് അയച്ചുകൊടുത്തു. ഇങ്ങനെ ഒപ്പിട്ടവരുടെ കൂട്ടത്തിലെ രണ്ടു കത്തനാരന്മാരെ ഗാഴ്സ്യ മുടക്കി. എന്നാൽ അതിനു തിരിച്ചടി എന്ന വണ്ണം തോമ്മാ അർക്കദിയാക്കോൻ അവരെ തന്റെ പള്ളികളിലെ വികാരിമാരാക്കി നിയമിച്ചു. അർക്കദിയാക്കോൻ ഒരു ഹർജി റോമിലേക്കും അയച്ചിരുന്നു. ഇങ്ങനെ ആർച്ച്ബിഷപ്പും, അർക്കദിയാക്കോനും തമ്മിലുള്ള മത്സരം മൂത്തുവശായി. ഇതെല്ലാം കൂനൻകുരിശു വിപ്ലവത്തിനു വഴിമരുന്നിട്ടു.

(തുടരും)



സിവിൽ സർവീസ് പരീക്ഷയിൽ എൺപത്തിയൊന്നാം റാങ്കോടെ ഉന്നത വിജയം കരസ്ഥമാക്കിയ റീനു അന്നാ മാത്യുവിന് മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് ക്രൈസ്തവ വിദ്യാർത്ഥിപ്രസ്ഥാനം (MGOCSM) ആദരിച്ചു. കോട്ടയം സ്റ്റുഡന്റ് സെന്ററിൽ നടന്ന ചടങ്ങിൽ MGOCSM പ്രസിഡന്റ് ഡോ. എബ്രഹാം മാർ സെറാഫിം മെത്രാപ്പൊലീത്താ റീനുവിന് ഉപഹാരം നൽകി ആദരിച്ചു.



IAS HUB- MGOCSM Civil Service Academy are honoured to felicitate Ms. Reenu Anna Mathew, who secured AIR 81 in the UPSC Civil Services Examination, one of the most prestigious and competitive exams in India.



കേരള സർവകലാശാല സെനറ്റ് അംഗമായി തിരഞ്ഞെടുക്കപ്പെട്ട മാവേലിക്കര ഭദ്രാസനത്തിലെ കുന്നം സെന്റ് ജോർജ് ഇടവക അംഗം സിംജോ സാമുവൽ സഖറിയ. തിരുവനന്തപുരം ലൊയോള കോളേജ് ഓഫ് സോഷ്യൽ സയൻസസിലെ പൂർണ സമയ ഗവേഷക വിദ്യാർഥിയും കെ. എസ്. യു സംസ്ഥാന ജനറൽ സെക്രട്ടറിയുമാണ്.



മഹാത്മാ ഗാന്ധി സർവ്വകലാശാലയിൽ നിന്നും ഗണിതശാസ്ത്രത്തിൽ പി.എച്ച്.ഡി. നേടിയ, കോഴഞ്ചേരി സെന്റ് തോമസ് കോളജ് അസിസ്റ്റന്റ് പ്രൊഫസർ ആൻ സൂസ തോമസ്. കല്ലൂപ്പാറ സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗമാണ്. കല്ലൂപ്പാറ മൂത്തേടത്ത് കൊണ്ടൂർ കെ. ഒ. തോമസിന്റെയും ഏലിയാമ്മയുടെയും മകളാണ്. ഭർത്താവ്: കല്ലൂപ്പാറ ചക്കാലമുറിയിൽ അജി എബ്രഹാം. മക്കൾ: ജുആൻ എബ്രഹാം, ജെയ്സ് തോമസ്, ജെയ്ൻ സാറ.

പ. ബസേലിയോസ് പൗലോസ് പ്രഥമൻ ബാവായുടെ ദീർഘദർശനങ്ങൾ

ഇടവഴിക്കൽ ഗീവർഗീസ് മാർ സേവേറിയോസ്

200. പാത്രിയർക്കീസ് ബാവായുടെ വരവും തീത്തോസ് മെത്രാന്റെ മരണവും ഒരുമിച്ചു സംഭവിച്ചതു ഒരു ആശ്ചര്യം തന്നെ. ഇതിൽ ഒരു രഹസ്യം ഉണ്ട്. കാലം ചെയ്ത മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ മുപ്പതാം ദിവസം അടിയന്തിരത്തിനു അടുത്ത ഒരു ദിവസം തീത്തോസ് മെത്രാൻറെ ദീനം കാണ്മാൻ മാർ ഗീവർഗീസ് ദീവന്നാസ്യോസ് മെത്രാപ്പോലീത്താ പോയിരുന്നു. ആ യാത്രയ്ക്കു വട്ടംകൂട്ടിയപ്പോൾ (മുറിമറ്റത്തു) മാർ ഈവാനിയോസ് മെത്രാപ്പോലീത്താ ഇപ്രകാരം കല്പിക്കയുണ്ടായി. തീത്തോസിനെ കാണ്മാൻ പോകാൻ ഇപ്പോൾ ധൃതി വെച്ചിട്ടു കാര്യമില്ല. അയാൾ ഈയിടെ മരിക്കയില്ല. പാത്രിയർക്കീസ് ബാവാ ഇവിടെത്തുമ്പോൾ ഇസ്രായേലിനു പെസഹായും മിസ്രേംകാർക്കു കടിഞ്ഞൂൽ പുത്രന്മാരുടെ മരണവുമായിരിക്കും. അന്നേ അയാൾ മരിക്കത്തൊള്ളു. ഇങ്ങനെ ഒരു വാക്ക് മാർ ഈവാനിയോസ് അന്നു പറഞ്ഞിരുന്നതു അക്ഷരപ്രകാരം ഒത്തിരിക്കുന്നു. ഇതൊരാശ്ചര്യം തന്നെ.

234. മുറിമറ്റത്തിൽ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ പറഞ്ഞ ഒരു ദീർഘദർശനത്തിന്റെ നിവർത്തി മേൽ 200-ാം വകുപ്പിൽ എഴുതിയിട്ടുണ്ടല്ലോ. അദ്ദേഹം ഈയ്യിടെ പറഞ്ഞ വേറൊരു ദീർഘദർശനം താഴെ ഓർമ്മയ്ക്കായി പകർത്തുന്നു. 1087 വൃശ്ചിക മാസത്തിൽ അദ്ദേഹം മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായ്ക്കയച്ച ഒരെഴുത്തിൽ പാമ്പാക്കുട കോനാട്ട് കഴിഞ്ഞുപോയ അബ്രഹാം മല്പാനും യോഹന്നാൻ മല്പാനും സുറിയാനി സഭയ്ക്കു വളരെ ദോഷം ചെയ്തവരാണെന്നും ആ കുടുംബത്തിൽ ഇപ്പോൾ ഉള്ള മാത്തൻ മല്പാൻ അവരെപ്പോലെ തന്നെ ഈ സഭയെ വളരെ ഉപദ്രവിക്കുന്നു എന്നും ഈ മാത്തൻ മല്പാൻ 39 മാസവും പത്തു ദിവസവും തികയുന്നതിനകം മരിച്ചു പോകുമെന്നും പാമ്പാക്കുട പള്ളി മാരാമൺ പള്ളി ഇടിഞ്ഞുവീണതുപോലെ ഇടിഞ്ഞു വീഴുമെന്നും എഴുതിയിരിക്കുന്നു. ഓർമ്മയ്ക്കായി ഇതെഴുതുന്നു. ഇതുപോലെ തന്നെ വേറെയും ചില ദീർഘദർശനങ്ങൾ അദ്ദേഹം ബലമായി പറയുന്നു. അതായത് കൂറിലോസ് മെത്രാച്ചൻ കുരുടനാകുമെന്നും സി. ജെ. കുര്യന് പല കുടുംബനാശങ്ങൾ വരുമെന്നും അബ്ദുള്ളാ പാത്രിയർക്കീസ് ബാവാ സിംഹാസനം പ്രാപിക്കയില്ല എന്നും മറ്റുമാണ്. ഇതിന്റെ ഒക്കെയും ഫലം കാണ്മാൻ ഇത് എഴുതുന്നു എന്നേ ഉള്ളു.

265. മാർ ഇഗ്നാത്യോസ് അബ്ദുള്ളാ പാത്രിയർക്കീസ് ബാവായ്ക്കു കണ്ണു കാണാനും ചെവി കേൾക്കാനും പാടില്ലാത്തവിധത്തിൽ പൂനിക്കിയിൽ താമസിക്കുന്നു എന്നു അബ്ദേൽ മശിഹാ ബാവായ്ക്കു ശീമയിൽ നിന്നു എഴുത്തുകൾ വന്നിരിക്കുന്നതായി ആ കൂട്ടർ പറയുന്നു. വാസ്തവം ദൈവത്തിനറിയാം.






തുറബ്ദീനിൽ മാർ അബ്ദൽ ആഹാദ് പീലക്സിനോസ് എന്നു പേരായ ഒരു മെത്രാൻറെ എഴുത്ത് 1914 ഇടവ മാസത്തിൽ വന്നതിൽ അബ്ദുള്ളാ പാത്രിയർക്കീസ് ബാവായുടെ കണ്ണുകൾ പോയി എന്നും അകത്തും വെളിക്കും ഇറക്കുന്നതു കൈയ്ക്കു പിടിച്ചു വേണമെന്നും പറഞ്ഞിരിക്കുന്നു.

274. മാർ ഇഗ്നാത്യോസ് അബ്ദുള്ളാ പാത്രിയർക്കീസ് ബാവാ മലയാളത്തു നിന്നു പോയിട്ടു മർദ്ദീനിലേക്കു പോകാതെ പൂനിക്കിയിൽ താമസിക്കയായിരുന്നല്ലോ. ഇദ്ദേഹത്തെയും പാത്രിയർക്കാ സ്ഥാനത്തിൽ നിന്നു മർദ്ദീനിലെ മജിലിസ് (കമ്മിറ്റിക്കാർ) നീക്കി സഭാകാര്യം അന്വേഷിപ്പാൻ മാർ അത്താനാസ്യോസ്, മാർ ഈവാനിയോസ് എന്ന രണ്ടു മെത്രാന്മാരെ നിയമിച്ചിരിക്കുന്നു എന്ന് 1913 ജൂലൈ 19-ലെ മലയാള മനോരമയിൽ ഒരു മുഖപ്രസംഗത്തിൽ പ്രസ്താവിച്ചിരിക്കുന്നു. കാരണം എന്താണെന്നു പറഞ്ഞിട്ടില്ല. അവർക്കു കിട്ടിയ അറിവ് എവിടെ നിന്നെന്നും പറഞ്ഞിട്ടില്ല.

284. തുറബ്ദീനിൽ മാർ അബ്ദൽ ആഹാദ് പീലക്സിനോസ് എന്നു പേരായ ഒരു മെത്രാന്റെ എഴുത്ത് 1914 ഇടവ മാസത്തിൽ വന്നതിൽ അബ്ദുള്ളാ പാത്രിയർക്കീസ് ബാവായുടെ കണ്ണുകൾ പോയി എന്നും അകത്തും വെളിക്കും ഇറക്കുന്നതു കൈയ്ക്കു പിടിച്ചു വേണമെന്നും പറഞ്ഞിരിക്കുന്നു.

(ഇടവഴിക്കൽ ഡയറിയിൽ വിവിധ കാലങ്ങളിൽ എഴുതിയവ സമാഹരിച്ചത്. സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്)



ദെലീല

സിസ്റ്റർ മേരി OSM
(ബേത്‌ലഹേം ദയറ കിഴക്കമ്പലം)



വിശുദ്ധ വേദപുസ്തകത്തിലെ ഏറ്റവും നിഗൂഢമായ വ്യക്തികളിൽ ഒരാളായി അറിയപ്പെടുന്നവളാണ് ദെലീല. പ്രധാനമായും ന്യായാധിപന്മാർ 16–ൽ ഇസ്രായേലിലെ അവസാന ന്യായാധിപനായ ശിംശോനെക്കുറിച്ചുള്ള വിവരണത്തിലാണ് അവളേക്കുറിച്ച് പരാമർശിക്കുന്നത്. ദെലീലയേക്കുറിച്ച് വളരെക്കുറച്ചു മാത്രമേ ബൈബിളിൽ കാണുന്നുള്ളു. ദെലീലയെ പലപ്പോഴും നിഗൂഢമായി കാണുന്നു, കാരണം ബൈബിൾ അവളുടെ പശ്ചാത്തലത്തെക്കുറിച്ച് നമ്മോട് കൂടുതൽ പറയുന്നില്ല. അവൾ എവിടെ നിന്നാണ് വന്നതെന്ന് നമുക്ക് കൃത്യമായി അറിയില്ല, അവൾ ശിംശോനെ ശരിക്കും സ്നേഹിച്ചിരുന്നോ, അല്ലെങ്കിൽ വിവരിച്ചിരിക്കുന്നതിനപ്പുറം അവളുടെ എല്ലാ പ്രവൃത്തികളെയും പ്രേരിപ്പിച്ചത് എന്താണെന്നോ തിരുവെഴുത്ത് വ്യക്തമാക്കുന്നില്ല. ശിംശോനെ പരാജയപ്പെടുത്താനായി ഫിലിസ്ത്യ നേതാക്കൾ അവന്റെ ശക്തിയുടെ രഹസ്യം കണ്ടെത്താൻ അവൾക്ക് കൈക്കൂലി നൽകി. പലവട്ടം പരാജയപ്പെട്ടതിനു ശേഷം, അവന്റെ ശക്തി അവന്റെ മുറിക്കാത്ത മുടിയുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് വെളിപ്പെടുത്താൻ അവൾ ശിംശോനെ പ്രേരിപ്പിച്ചു. ഒടുവിൽ അവൾ ഇത് അറിഞ്ഞു കഴിഞ്ഞപ്പോൾ, അവൻ ഉറങ്ങുമ്പോൾ അവന്റെ മുടി മുറിക്കാൻ അവൾ ഏർപ്പാട് ചെയ്തു, അത് അവനെ പിടികൂടുന്നതിലേക്ക് നയിച്ചു. വഞ്ചനയ്ക്ക് ശേഷം അവൾ തിരുവെഴുത്തിൽ നിന്ന് അപ്രത്യക്ഷയാകുന്നു. പിന്നീട് അവൾക്ക് എന്ത് സംഭവിച്ചുവെന്ന് ബൈബിൾ പറയുന്നില്ല. ഇത് അവളെ ഒരു വിധം നിഗൂഢമായ വ്യക്തിയാക്കുന്നു.

ന്യായാധിപന്മാരുടെ പുസ്തകത്തിൽ അവളുടെ ദേശീയതയെ വ്യക്തമാക്കുന്നില്ല, എന്നിരുന്നാലും ഫെലിസ്ത്യ പ്രഭുക്കന്മാരുമായുള്ള ബന്ധം കണക്കിലെടുത്ത് അവൾ ഒരു ഫെലിസ്ത്യയായിരുന്നിരിക്കാമെന്ന് നമുക്ക് അനുമാനിക്കാം. എന്നിരുന്നാലും, ഈ അനുമാനം നേരിട്ട് സ്ഥിരീകരിച്ചിട്ടില്ല. ഫെലിസ്ത്യർക്കും ഇസ്രായേൽ പ്രദേശങ്ങൾക്കും ഇടയിലുള്ള ഒരു പ്രദേശമായ സോരേക് താഴ്‌വരയിലാണ് അവൾ താമസിച്ചിരുന്നത് എന്നതിനാൽ സാംസ്കാരികവും രാഷ്ട്രീയവുമായ പിരിമുറുക്കം നിറഞ്ഞ ഒരു പ്രദേശത്താണ് അവൾ താമസിച്ചിരുന്നതെന്ന് മനസിലാക്കാം.

ബൈബിൾ വിവരണങ്ങളിൽ, ഒരാളുടെ ഭാര്യയായി (സാറയെപ്പോലെ), മറ്റൊരാളുടെ അമ്മയായി (മറിയയെപ്പോലെ), അല്ലെങ്കിൽ മറ്റൊരാളുടെ മകളായി (ദീനയെപ്പോലെ) സ്ത്രീകളെ പലപ്പോഴും പുരുഷന്മാരുമായി ബന്ധപ്പെട്ട് ചിത്രീകരിക്കുന്നു. എന്നാൽ മറ്റ് പല ബൈബിൾ സ്ത്രീകളിൽ നിന്നും വ്യത്യസ്തമായി, ദെലീലയെ അവളുടെ കുടുംബ ബന്ധങ്ങളുടെ അടിസ്ഥാനത്തിൽ വിവരിച്ചിട്ടില്ല. അവളുടെ പിതാവിനെയോ ഭർത്താവിനെയോ കുട്ടികളെയോ കുറിച്ച് പരാമർശമില്ല. ബൈബിളിലെ പല സ്ത്രീകളെയും പോലെ പുരുഷന്മാരുമായുള്ള ബന്ധങ്ങളാൽ നിർവചിക്കപ്പെടുന്നതിനുപകരം സ്വതന്ത്രമായി പ്രവർത്തിക്കുന്ന ഒരാളായി തിരുവചനം അവളെ നമുക്കു മുമ്പാകെ പരിചയപ്പെടുത്തുന്നു. എന്നാൽ ഒരു സ്ത്രീ പുരുഷ മേൽവിലാസങ്ങൾക്ക് അതീതമായി അവതരിക്കപ്പെടുമ്പോൾ, അത് അവളുടെ വ്യക്തിത്വത്തെ ഊന്നിപ്പറയുന്നു. ഒരു പുരുഷനുമായുള്ള ബന്ധം കൊണ്ടല്ല, മറിച്ച് അവളുടെ നിലപാടുകൾ, പ്രവർത്തനങ്ങൾ, സ്വത്വം എന്നിവ കൊണ്ടാണ് അവൾ പ്രാധാന്യമർഹിക്കുന്നത്.

ബൈബിൾ വിവരണങ്ങൾ സ്ത്രീകൾക്ക് നൽകിയിട്ടുള്ള പരമ്പരാഗത മേൽവിലാസങ്ങളിൽ ബന്ധിപ്പിക്കപ്പെടാത്ത ഒരു വ്യക്തിയെന്ന നിലയിൽ അവൾ വേറിട്ടു നിൽക്കുന്നു. ദൈവിക ശക്തിയാൽ ഫെലിസ്ത്യ ഭരണാധികാരികൾക്ക് ഒരു പ്രധാന ഭീഷണിയായി മാറിയ നാസീർ വ്രതസ്ഥനായ ശിംശോനുമായുള്ള അവളുടെ ബന്ധത്തിൽ നിന്നാണ് ദെലീലയുടെ ജീവിതം ശ്രദ്ധേയമാകുന്നത്.

1. ബുദ്ധിശക്തിയും ദൃഢനിശ്ചയവും

ദെലീലയുടെ ബുദ്ധിശക്തി അവളുടെ പ്രധാന ഗുണങ്ങളിൽ ഒന്നാണ്. ഫെലിസ്ത്യ നേതാക്കൾ ഒരു വലിയ കൈക്കൂലിയുമായി അവളെ സമീപിച്ച്, ശിംശോന്റെ ശക്തിയുടെ രഹസ്യം കണ്ടെത്താൻ ആവശ്യപ്പെടുന്നു. അവരുടെ അഭ്യർത്ഥന നിറവേറ്റുന്നതിലുള്ള ദെലീലയുടെ തന്ത്രം, ബുദ്ധിപരമായി മാത്രമല്ല, മനുഷ്യ മനഃശാസ്ത്രത്തെക്കുറിച്ചുള്ള അവളുടെ ആഴത്തിലുള്ള ധാരണയും പ്രകടമാക്കുന്നതാണ്. ക്രൂരമായ ബലപ്രയോഗമോ തുറന്ന ഏറ്റുമുട്ടലോ നടത്തുന്നതിനു പകരം, അവൾ ക്ഷമ, വൈകാരിക ആകർഷണങ്ങൾ, മാനസിക സമ്മർദ്ദം എന്നിവ ഉപയോഗിക്കുന്നു.

അവളുടെ സ്ഥിരോത്സാഹം ശ്രദ്ധേയമാണ്. ശിംശോന്റെ ശക്തിയുടെ രഹസ്യം കണ്ടെത്താൻ ശ്രമിച്ച ദെലീലക്ക് തന്റെ ശക്തിയുടെ കാരണത്തെപ്പറ്റി തെറ്റായ വിശദീകരണങ്ങൾ നൽകി ശിംശോൻ തുടക്കത്തിൽ മൂന്ന് തവണ അവളെ വഞ്ചിച്ചപ്പോഴും, ദെലീല തളരുന്നില്ല. പകരം, കുറ്റബോധവും വൈകാരിക കൃത്രിമത്വവും ഉപയോഗിച്ച് അവൾ തന്റെ പരിശ്രമങ്ങൾ ശക്തമാക്കുന്നു. 'നിന്റെ ഹൃദയം എന്നോടുകൂടെ ഇല്ലാതിരിക്കെ നീ എന്നെ സ്നേഹിക്കുന്നു എന്ന് പറയുന്നത് എങ്ങനെ?' (ന്യായാധിപന്മാർ 16:15,). ശാരീരിക ശക്തിയും മാനസിക പ്രതിരോധശേഷിയും തമ്മിലുള്ള വ്യത്യാസം ഈ ഭാഗം എടുത്തു കാണിക്കുന്നു. അസാധാരണമായ ശാരീരിക ശക്തിക്ക് പേരുകേട്ട ശിംശോൻ ക്രൂരമായ ശക്തിയെ പ്രതിനിധീകരിക്കുന്നു. മറുവശത്ത്, ദെലീലയ്ക്ക് അത്തരം ശാരീരികശക്തിയില്ല, പക്ഷേ സ്ഥിരോത്സാഹം, തന്ത്രം, മാനസിക സഹിഷ്ണുത എന്നിവയാൽ അത് നികത്തപ്പെടുന്നു. ശിംശോന്റെ ശക്തിയുടെ രഹസ്യം കണ്ടെത്താനുള്ള അവളുടെ ആവർത്തിച്ചുള്ള ശ്രമങ്ങൾ അവളുടെ അചഞ്ചലമായ ദൃഢനിശ്ചയത്തെ പ്രകടമാക്കുന്നു. കാലക്രമേണ, ഈ മാനസിക ധൈര്യം ശിംശോന്റെ ശാരീരിക ശക്തിയെക്കാൾ ശക്തമാണെന്ന് തെളിയിക്കപ്പെടുന്നു. അവസാനം, അവനെ പരാജയപ്പെടുത്തുന്നത് ഒരു ആയുധമോ സൈന്യമോ അല്ല, മറിച്ച് ദെലീലയുടെ നിരന്തരമായ മാനസിക തന്ത്രമാണ്. ക്ഷമയോടെ കാത്തിരിക്കാനും, കൈകാര്യം ചെയ്യാനും, അതിജീവിക്കാനുമുള്ള അവളുടെ കഴിവ് അവന്റെ ദാരുണമായ പതനത്തിലേക്ക് നയിക്കുന്ന യഥാർത്ഥ ശക്തിയായി മാറുന്നു. അവളുടെ ആവർത്തിച്ചുള്ള ശ്രമങ്ങൾ ശിംശോന്റെ ശാരീരിക വൈദഗ്ധ്യവുമായി പൊരുത്തപ്പെടുന്നതും ഒടുവിൽ അതിനെ മറികടക്കുന്നതുമായ ഒരു ദൃഢനിശ്ചയത്തിന്റെ തലത്തെ കാണിക്കുന്നു. ദെലീലയുടെ മാനസിക സഹിഷ്ണുത ഒരു ശക്തമായ ആയുധമായി മാറുന്നു, അത് ഒടുവിൽ ശിംശോന്റെ പതനത്തിലേക്ക് നയിക്കുന്നു.

2 വഞ്ചനയും കൃത്രിമത്വവും

ശിംശോനുമായുള്ള ദെലീലയുടെ ഇടപെടലിന്റെ കാതൽ വഞ്ചനയാണ്.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

അവൾ തന്റെ യഥാർത്ഥ ഉദ്ദേശ്യങ്ങളെ ഒരു പ്രണയത്തിന്റെ മുഖംമൂടിക്ക് പിന്നിൽ മറയ്ക്കുന്നു. ശിംശോൻ ദെലീലയെ 'സ്നേഹിച്ചു' എന്ന് വാചകം പറയുന്നുണ്ടെങ്കിലും (ന്യായാധിപന്മാർ 16:4), അവൾ അവന്റെ വികാരങ്ങൾക്ക് പ്രതിസ്നേഹം നൽകിയെന്ന് അത് ഒരിക്കലും അവകാശപ്പെടുന്നില്ല. പകരം, ദെലീല ശിംശോന്റെ സ്നേഹത്തെ ഫെലിസ്ത്യ നേതാക്കളുടെ താൽപ്പര്യങ്ങൾക്കായി അവളുടെ ലക്ഷ്യങ്ങൾ നിറവേറ്റാൻ ഉപയോഗിക്കുന്നു .

അവളുടെ രീതി പ്രത്യക്ഷമായ ആക്രമണമോ ബലപ്രയോഗമോ അല്ല, മറിച്ച് വാത്സല്യത്തിന്റെ വേഷംമാറി മനഃശാസ്ത്രപരമായ കൃത്രിമത്വമാണ്. സ്നേഹത്തിന്റെയും ഉത്കണ്ഠയുടെയും മറവിൽ ശിംശോനെ ആവർത്തിച്ച് ചോദ്യം ചെയ്യുന്നതിലൂടെ, അവൾ വിശ്വാസവും അടുപ്പവും ഉണ്ടെന്ന തെറ്റായ ബോധം അവനിൽ സൃഷ്ടിക്കുന്നു. കണക്കുകൂട്ടി എടുക്കുന്ന ഈ വൈകാരിക സമീപനം അവളുടെ വഞ്ചനയെ കൂടുതൽ ഫലപ്രദമാക്കുന്നു – അവളുടെ ഉദ്ദേശ്യങ്ങളെ സംശയിക്കാൻ വ്യക്തമായ കാരണങ്ങളുണ്ടെങ്കിൽ പോലും ശിംശോൻ അവളെ ഒരു ഭീഷണിയായി കാണുന്നില്ല.

ദെലീലയുടെ പ്രവൃത്തികൾ മാത്രമല്ല, സ്വന്തം വൈകാരിക ദുർബലതയും ശിംശോന്റെ പതനത്തിന് കാരണമാകുന്നു. അവന്റെ അമിത ആത്മവിശ്വാസം അവനെ അപകടകരമായ അന്ധതയിലേക്ക് കൂപ്പുകുത്തിക്കുന്നു. അവളോടുള്ള സ്നേഹവും വിശ്വാസവും മുന്നറിയിപ്പ് സൂചനകളെ അവഗണിക്കാൻ അവനെ പ്രേരിപ്പിക്കുന്നു. ദെലീലയുടെ കൃത്രിമത്വം അതിന്റെ ശക്തി കൊണ്ടല്ല, മറിച്ച് അതിന്റെ സൂക്ഷ്മത കൊണ്ടാണെന്ന് ഈ ഭാഗം എടുത്തുകാണിക്കുന്നു – അവൾ വഞ്ചിക്കുക മാത്രമല്ല; അവൾക്ക് അവനോട് താല്പര്യമുണ്ടെന്ന് അവനെ ബോധ്യപ്പെടുത്തുകയും ചെയ്യുന്നു. അങ്ങനെ ചെയ്യുന്നതിലൂടെ, അവൾ ശിംശോന്റെ വിശ്വാസത്തെ മാത്രമല്ല, യുക്തിസഹമായ വിധിന്യായത്തിൽ നിന്ന് വൈകാരിക ആഗ്രഹത്തെ വേർതിരിക്കാനുള്ള അവന്റെ കഴിവില്ലായ്മയെയും ചൂഷണം ചെയ്യുന്നു.

ശിംശോനെയും ദെലീലയെയും കുറിച്ചുള്ള തിരുവചനത്തിൽ ദെലീലയുടെ കൃത്രിമത്വം ശിംശോന്റെ ആഴത്തിലുള്ള ദുർബലത വെളിപ്പെടുത്തുന്നു – പ്രത്യേകിച്ച് വൈകാരികവും പ്രണയപരവുമായ ബന്ധങ്ങളിൽ. ശിംശോൻ ശാരീരികമായി ശക്തനാണെങ്കിലും, തെറ്റായ ആളുകളെ വിശ്വസിക്കുന്ന കാര്യത്തിൽ അവൻ വൈകാരികമായി ദുർബലനാണ്. ദെലീല അവന്റെ ശക്തിയുടെ രഹസ്യം ആവർത്തിച്ച് അവനോട് ചോദിക്കുന്നു, അവൾ അവനെ ഒറ്റിക്കൊടുക്കാൻ ശ്രമിക്കുകയാണെന്ന് വ്യക്തമാണെങ്കിലും, ശിംശോൻ അവളോടുള്ള സ്നേഹമോ അഭിനിവേശമോ കാരണം അപകടത്തെ കുറച്ചുകാണുന്നു. അവന്റെ അമിത ആത്മവിശ്വാസവും (തനിക്ക് എന്തും കൈകാര്യം ചെയ്യാൻ കഴിയുമെന്ന് വിശ്വസിക്കുന്നതും) അവന്റെ അന്ധതയും (പിന്നീട് അക്ഷരാർത്ഥത്തിലും ആലങ്കാരികമായും – അവൻ അപകടം 'കാണുന്നില്ല') അവന്റെ പതനത്തിലേക്ക് നയിച്ചു. ഒടുവിൽ അവൻ ദെലീലയോട് അവന്റെ ശക്തി അവന്റെ വെട്ടാത്ത മുടിയിലാണെന്ന സത്യം പറയുന്നു. ഉടനെ അവൾ അവനെ ഒറ്റിക്കൊടുക്കുന്നു, അതിന്റെ ഫലമായി അവന്റെ ശത്രുക്കളായ ഫെലിസ്ത്യർ അവനെ പിടികൂടുകയും അന്ധരാക്കുകയും തടവിലാക്കുകയും ചെയ്യുന്നു.

3. ലാവണ്യം, വ്യക്തിപരമായ സ്വാധീനം

ദലീലയുടെ ആകർഷണീയത വേദപുസ്തകത്തിൽ സൂക്ഷ്മമായും ശക്തമായും സൂചിപ്പിച്ചിരിക്കുന്നു. അപാരമായ ശക്തിക്കും വീരോചിതമായ പ്രവൃത്തികൾക്കും പേരുകേട്ട ശിംശോനെ താഴ്ത്തുന്നത് ഒരു സൈന്യമോ മികച്ച ആയുധമോ കൊണ്ടല്ല, മറിച്ച് ഒരു സ്ത്രീയുടെ പ്രേരണ കൊണ്ടാണ്. ദെലീലയുടെ വ്യക്തിപരമായ സ്വാധീനം ആഴമേറിയതായിരുന്നു എന്നാണ് ഇത് സൂചിപ്പിക്കുന്നത്.

അവളുടെ സ്വാധീനം വെറും ശാരീരിക ആകർഷണത്തിനപ്പുറമാണെന്ന് തിരുവചനം ഊന്നിപ്പറയുന്നു. സൗന്ദര്യം ഒരു ഘടകമായിരിക്കാം, പക്ഷേ പ്രധാന കാര്യം ദെലീല മനുഷ്യ സ്വഭാവത്തെക്കുറിച്ച് – പ്രത്യേകിച്ച് ശിംശോന്റെ വൈകാരികവും മാനസികവുമായ ആവശ്യങ്ങളെക്കുറിച്ച് – ആഴത്തിലുള്ള ധാരണ അവൾക്കുണ്ടായിരുന്നു.

വലിയ ശക്തനും പേരുകേട്ടവനുമായ ശിംശോൻ തന്റെ ജാഗ്രത ഉപേക്ഷിക്കുന്ന ഒരു അവസ്ഥ അവൾ സൃഷ്ടിക്കുന്നു. ആ വിശ്വാസത്തിന്റെ നിലവാരം, പ്രത്യേകിച്ച് നിരവധി വഞ്ചനകൾക്ക് ശേഷവും അവന്റെ വിശ്വാസം നിലനിർത്താനുള്ള അവളുടെ കഴിവ്, അപൂർവവും ശക്തവുമായ പരസ്പര സ്വാധീനത്തിന്റെ വൈദഗ്ധ്യത്തെ സൂചിപ്പിക്കുന്നു. ശിംശോനുമായി അവന്റെ മികച്ച വിധിന്യായത്തെ മറികടക്കുന്ന ഒരു തലത്തിൽ അവൾ എങ്ങനെ ഇടപെടുന്നു എന്നതിലാണ് അവളുടെ ആകർഷണം. വ്യക്തമായ അപകടസാധ്യതകൾക്കിടയിലും – ഒരാളെ വളരെ ആഴത്തിൽ സ്വാധീനിക്കാനുള്ള ഈ കഴിവ് വൈകാരിക കൃത്രിമത്വം, മനഃശാസ്ത്രപരമായ ഉൾക്കാഴ്ച, തന്ത്രപരമായ ആശയ വിനിമയം എന്നിവ ഉൾപ്പെടുന്ന അപൂർവവും ശക്തവുമായ ഒരു വ്യക്തിത്വത്തെക്കുറിച്ച് നമ്മെ ബോധ്യപ്പെടുത്തുന്നു.

ശാരീരിക ആകർഷണം ഉപയോഗിക്കുന്നതിൽ മാത്രമല്ല, വിശ്വാസവും വികാരങ്ങളും അവൾ എത്ര സമർത്ഥമായി കൈകാര്യം ചെയ്യുന്നു എന്നതിലാണ് ദെലീലയുടെ യഥാർത്ഥ ശക്തി. കാഴ്ചയിലോ വശീകരണത്തിലോ മാത്രം ആശ്രയിക്കുന്നതിനുപകരം, അവൾ ആളുകളെ വൈകാരികമായി കീഴടക്കുന്നു, അവൾ അവർക്ക് സുരക്ഷിതത്വമോ വിലപ്പെട്ടതോ പ്രിയപ്പെട്ടതോ ആണെന്ന് തോന്നിപ്പിക്കുന്നു – തുടർന്ന് ആ വൈകാരിക ബന്ധം ഉപയോഗിച്ച് അവരെ സ്വാധീനിക്കുകയോ ഒറ്റിക്കൊടുക്കുകയോ ചെയ്യുന്നു. മറ്റുള്ളവർ അവരുടെ ജാഗ്രത പൂർണ്ണമായും ഉപേക്ഷിക്കുന്ന തരത്തിൽ വിശ്വാസം ഉണ്ടാക്കാനുള്ള അവളുടെ കഴിവാണ് അവളുടെ 'ആയുധം', അങ്ങനെ അവൻ അവളുടെ യഥാർത്ഥ ഉദ്ദേശ്യങ്ങൾക്ക് ഇരയാകുന്നു.

4. ധാർമ്മികതയും ധാർമ്മിക അവ്യക്തതകളും

ദെലീലയുടെ പ്രവൃത്തികൾ ധാർമ്മിക പരിശോധനയ്ക്ക് വിധേയമാക്കേണ്ടത് അനിവാര്യമാണ്. സാമ്പത്തിക നേട്ടത്തിനായി അവൾ തന്നെ സ്നേഹിക്കുന്ന ഒരാളെ ഒറ്റിക്കൊടുക്കുന്നു. പരമ്പരാഗത ധാർമ്മിക വീക്ഷണകോണിൽ നിന്ന് നോക്കുമ്പോൾ, അവളുടെ പ്രവൃത്തികൾ അപലപനീയമാണ്. എന്നിരുന്നാലും ചരിത്രപരവും സാംസ്കാരികവുമായ പശ്ചാത്തലം ഈ കാഴ്ചപ്പാടിനെ സങ്കീർണ്ണമാക്കുന്നു.

ശിംശോന്റെ അതുല്യ ശക്തിയാൽ ശാക്തീകരിക്കപ്പെട്ട അക്രമത്തിൽ നിന്ന് നിരന്തരം ഭീഷണി നേരിട്ടിരുന്ന സ്വന്തജനമായ ഫെലിസ്ത്യരോടുള്ള വിശ്വസ്തതയിൽ നിന്നായിരിക്കാം ദെലീല ഇങ്ങനെ പ്രവർത്തിച്ചത്. ഈ അർത്ഥത്തിൽ, അവളുടെ പ്രവൃത്തികളെ ദേശസ്നേഹത്തിന്റെയോ ദേശീയ പ്രതിരോധത്തിന്റെയോ ഒരു രൂപമായി കാണാൻ കഴിയും. മാത്രമല്ല, ന്യായാധിപന്മാരുടെ പുസ്തകത്തിലെ മറ്റ് വ്യക്തികളിൽ നിന്ന് വ്യത്യസ്തമായി, ദൈവം വ്യക്തമായി അനുഗ്രഹിക്കുകയോ ശപിക്കുകയോ ചെയ്തവരിൽ നിന്ന് വ്യത്യസ്തമായി, ദെലീലയുടെ പെരുമാറ്റത്തെക്കുറിച്ച് തിരുവെഴുത്ത് നേരിട്ടുള്ള ഒരു വിധിന്യായം നൽകുന്നില്ല.

ദെലീലയുടെ ജീവിതം വിശ്വാസം, ദുർബലത, അനിയന്ത്രിതമായ വികാരത്തിന്റെ അപകടങ്ങൾ എന്നിവയെക്കുറിച്ച് നിരവധി പാഠങ്ങൾ നമുക്ക് നൽകുന്നു. ശക്തരായ വ്യക്തികൾ പോലും ജ്ഞാനത്തെ അഭിനിവേശത്തിനായി അവഗണിക്കുമ്പോൾ വ്യക്തിപരമായ ബലഹീനതയ്ക്ക് ഇരയാകാമെന്ന് ശിംശോന്റെ പതനം പഠിപ്പിക്കുന്നു. ഈ പതനത്തിൽ ദെലീലയുടെ പങ്ക് തെറ്റായ വിശ്വാസത്തെയും മറ്റുള്ളവരെ കുറച്ചുകാണുന്നതിന്റെ അപകടങ്ങളെയും കുറിച്ചുള്ള ഒരു മുന്നറിയിപ്പായി മനസിലാക്കാം.

വിശാലമായ തലത്തിൽ, ദെലീല ശക്തിയുടെ സൂക്ഷ്മ രൂപങ്ങളായ വൈകാരിക ബുദ്ധി, പ്രേരണ, മാനസിക പ്രതിരോധശേഷി എന്നിവയെ പ്രതിഫലിപ്പിക്കുന്നു. ശാരീരിക ശക്തി പോലെ തന്നെ അത് നിർണായകമാണ്. സ്വാധീനം പലപ്പോഴും അദൃശ്യവും ആന്തരികവുമായ രീതികളിൽ പ്രവർത്തിക്കുന്നുവെന്നും, തുറന്ന ഏറ്റുമുട്ടലിനുപകരം നിശബ്ദവും എന്നാൽ സ്ഥിരവുമായ സമ്മർദ്ദത്തിലൂടെ ലക്ഷ്യത്തിലെത്താമെന്നും അവളുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു.

ദെലീലയുടെ ജീവിതം നമ്മെ ധാർമ്മികതയെക്കുറിച്ച് വിമർശനാത്മകമായി ചിന്തിക്കുവാൻ വെല്ലുവിളിക്കുന്നു. ഒരാളുടെ കാഴ്ചപ്പാടിനെ ആശ്രയിച്ച് അവളുടെ പ്രവൃത്തികളെ തിന്മ, ദേശസ്നേഹം അല്ലെങ്കിൽ സ്വയം സംരക്ഷിക്കൽ എന്നിവയായി കാണാൻ കഴിയും.വിശ്വാസത്തിന്റെയും വഞ്ചനയുടെയും മനുഷ്യ ഉദ്ദേശ്യങ്ങളുടെ സങ്കീർണ്ണതയുടെയും സങ്കീർണ്ണമായ ചലനാത്മകതയെക്കുറിച്ച് ആഴത്തിലുള്ള ധ്യാനം ദെലീലയുടെ ജീവിതം നമുക്ക് നൽകുന്നു.

❑

വചനതീർത്ഥം

പുതുഞായറാഴ്ചയ്ക്കു ശേഷം ഒന്നാം ഞായർ

(വി. യോഹന്നാൻ 21:1–14)

ഫാ. മോൻസി ഫിലിപ്പ്



യേശുക്രിസ്തു തന്റെ ഉയിർപ്പിന്റെ യാഥാർത്ഥ്യം ഉറപ്പാക്കുവാനും ശിഷ്യന്മാരെ വിശ്വാസത്തിൽ സ്ഥിരീകരിക്കുവാനും പല സ്ഥലങ്ങളിലും പല സാഹചര്യങ്ങളിലും പ്രത്യക്ഷപ്പെടുന്നു. ഉയിർപ്പിന്റെ ശേഷം മൂന്നാം പ്രാവശ്യം ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെട്ട സംഭവമാണ് ഇന്നത്തെ ചിന്ത. തിബര്യാസ് കടൽക്കരയിൽ ക്ലേശനിർഭരമായ അദ്ധ്വാനരംഗത്ത് നിരാശയോടെ നിൽക്കുന്ന ശിഷ്യന്മാർക്ക് കർത്താവ് പ്രത്യക്ഷപ്പെടുന്നു. ക്രിസ്തു തന്റെ സ്നേഹം വീണ്ടും വെളിപ്പെടുത്തുന്നു.

"സ്നേഹം എന്നത് വേദന നിറഞ്ഞ ഒരു യാത്രയാണ്."

– ജി. എം. കൃഷ്ണമൂർത്തി

ഇന്നത്തെ വേദഭാഗം

വി. യോഹന്നാൻ 21:1-14

യേശുതമ്പുരാൻ തിബര്യാസ് കടൽക്കരയിൽ ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെടുന്നു. ശീമോൻ പത്രോസും, കൂട്ടരും ഒന്നിച്ചിരിക്കുമ്പോൾ ശീമോൻ പത്രോസ് കൂടെയുള്ളവരോട് "ഞാൻ മീൻപിടിക്കുവാൻ പോകുന്നു. ഞങ്ങളും പോരുന്നു എന്നു കൂടെയുള്ളവരും" വി. യോഹ. 21:3). അവർ പുറപ്പെട്ട് രാത്രി മുഴുവൻ അദ്ധ്വാനിച്ചു. ഒന്നും കിട്ടിയില്ല. പുലർച്ചയിൽ യേശു കരയിൽ നിന്നിരുന്നു. യേശു എന്ന് ശിഷ്യന്മാർ അറിഞ്ഞിരുന്നില്ല. യേശു അവരോട് "കുഞ്ഞുങ്ങളേ" കൂട്ടുവാൻ വല്ലതും ഉണ്ടോ എന്ന് ചോദ്യം. ഇല്ല എന്ന് അവരുടെ മറുപടി. പടകിന്റെ വലതുഭാഗത്ത് വല വീശുവാൻ യേശുതമ്പുരാന്റെ നിർദ്ദേശം. അവർ വീശി മീനിന്റെ പെരുപ്പം ഹേതു അതു വലിപ്പാൻ കഴിഞ്ഞില്ല. യേശു സ്നേഹിച്ച ശിഷ്യൻ പത്രോസിനോട് അത് കർത്താവ് ആകുന്നു. പത്രോസ് നഗ്നനാകയാൽ അങ്കി അരയിൽ ചുറ്റി കടലിൽ ചാടി. ശിഷ്യന്മാർ വല വലിച്ചു കരെക്കു ഇറങ്ങി. തീക്കനലും അതിന്മേൽ മീൻ വെച്ചിരിക്കുന്നതും അപ്പവും കണ്ടു. യേശു അവരോട് പിടിച്ചതിൽ നിന്ന് ചിലതു കൊണ്ടുവരുവാൻ കല്പിച്ചു. 153 വലിയ മീൻ നിറഞ്ഞ വല കരെക്കു വലിച്ചു കയറി വല കീറിയില്ല. യേശുതമ്പുരാൻ അവരോട് വന്ന് പ്രാതൽ കഴിച്ചുകൊൾവീൻ എന്നു പറഞ്ഞു. അതു ക്രിസ്തു എന്നറിഞ്ഞതിനാൽ 'നീ ആർ' എന്ന് അവനോടു ചോദിപ്പാൻ ശിഷ്യന്മാർ തുനിഞ്ഞില്ല. യേശു അവർക്ക് അപ്പവും അവ്വണ്ണം മീനും നൽകി. ഇതാണ് വേദഭാഗ ഇതിവൃത്തം.

വേദഭാഗചിന്തകൾ

1. ക്രിസ്തു ഇല്ലാത്ത പ്രവൃത്തികൾ നിഷ്പ്രപയോജനം.

വി. യോഹന്നാൻ 21:1-3

"ഞാൻ മീൻ പിടിപ്പാൻ പോകുന്നു പത്രോസ് കൂടെയുള്ളവരോട് പറഞ്ഞു. ഞങ്ങളും പോരുന്നു എന്ന് കൂടെയുള്ളവരു പറഞ്ഞു." അത് അവർക്ക് നിരാശയുടെ അനുഭവമായി തീർന്നു. അവൾ രാത്രി മുഴുവൻ അവർ കടലിൽ അദ്ധ്വാനിച്ചു ഫലം നിരാശയും ശൂന്യവും. കർത്താവിന്റെ ഹിതവും സാന്നിധ്യവും അപേക്ഷിക്കാതെ പെട്ടെന്നുള്ള തീരുമാനം പ്രവൃത്തി നിഷ്ഫലം. കർത്താവില്ലാതെയുള്ള അദ്ധ്വാനം ഫലശൂന്യമാകുന്ന രാത്രി. ക്രിസ്തുവിന്റെ സാന്നിദ്ധ്യം വിജയം നൽകുന്ന പ്രഭാതം.

എല്ലാ പ്രവൃത്തികളും അങ്ങനെയാണ്. ക്രിസ്തു ഇല്ലാത്ത യാത്രകൾ എല്ലാം നിരാശ തന്നെയാണ്. കൂടെ ഉണ്ടാകും എന്ന് അവൻ വാഗ്ദത്തം ചെയ്തതാണ്. പലപ്പോഴും അവനെ തിരിച്ചറിയുന്നില്ല എന്നതാണ് നമ്മുടെ ചില നിരാശകൾക്ക് കാരണം. എത്രയൊക്കെ അറിവുണ്ടായിട്ടും പരാജയവും നിരാശയും ദൈവത്തെ മറക്കുന്നതിന്റെ അനന്തരഫലങ്ങൾ മാത്രം. മീൻപിടുത്തത്തെപ്പറ്റി പത്രോസിനും കൂട്ടർക്കും നല്ല അറിവുണ്ടായിട്ടും അവരുടെ പരിശ്രമത്തിൽ പരാജയം മാത്രം.

"Your best teacher is your last mistake"

A. P. J. Abdul Kalam

നാം ചെയ്യുന്ന പ്രവൃത്തികൾ അഥവാ തിരഞ്ഞെടുക്കുന്ന പാതകൾ ദൈവഹിതത്തിന് അനുയോജ്യമാകണം. നീണ്ട വിശാലമായ പാതകൾ തെളിഞ്ഞു വരാം എന്നാൽ ചില നിരാശകൾ അവിടങ്ങളിൽ ഒളിഞ്ഞിരിപ്പുണ്ട് എന്ന ബോധ്യം യാത്രകൾ സുഗമമാക്കും മറിച്ചാണെങ്കിൽ നിരാശയും.

"ആകയാൽ പാമ്പിനെപ്പോലെ ബുദ്ധിയുള്ളവരും പ്രാവിനെപ്പോലെ കളങ്കമില്ലാത്തവരും ആയിരിപ്പിൻ" വി. മത്തായി. 10:16

ശിഷ്യന്മാരുടെ പ്രവൃത്തി നിരാശയാകുവാൻ കാരണങ്ങൾ.

1. ക്രിസ്തുവിനെ അറിഞ്ഞിട്ടും അനുഭവിച്ചിട്ടും ക്രിസ്തുവിനെ വിസ്മരിച്ചു.
2. പൂർവ്വകാലങ്ങളിലേക്കുള്ള മടക്കം
3. ക്രിസ്തുവിന്റെ വിളി അവർ വിസ്മരിച്ചു.
4. ക്രിസ്തുവിനെ കാത്തിരിക്കുവാൻ സാധിക്കാതെ പോയി.

ഇത് ചിലപ്പോൾ ഒക്കെ നമ്മുടെ വിശ്വാസജീവിതത്തിലും വ്യക്തിജീവിതങ്ങളിലും സംഭവിക്കാറുണ്ട്. നിരാശകൾ കടന്നുവരുമ്പോൾ ഒന്ന് നാം ഓർക്കണം "എന്റെ എന്തോ കുറവു കാരണമാകാം." അത് ക്രിസ്തു ഇല്ലാത്തതിനാൽ എന്ന് ബോധ്യം വന്നാൽ ഒരു മടങ്ങിവരവ് അതും ക്രിസ്തുവിലേയ്ക്ക്. ആ മടക്കം നിരാശയുടെ രാത്രികൾക്കപ്പുറം സന്തോഷത്തിന്റെ പ്രഭാതമായിരിക്കുന്നു, ഓർക്കുക ഈ സത്യം.

2. കരയിൽ നിൽക്കുന്ന ക്രിസ്തു.

വി. യോഹന്നാൻ 21:4-7

"പുലർച്ച ആയപ്പോൾ യേശു കരയിൽ നിന്നിരുന്നു."

രാത്രി മുഴുവൻ പത്രോസും കൂട്ടരും കടലിൽ അദ്ധ്വാനിക്കുന്നത് ക്രിസ്തു കരയിൽ നിന്ന് വീക്ഷിച്ചിട്ടുണ്ടാകാം. രാത്രിയിൽ അദ്ധ്വാനത്തിന്റെ ഫലം നിരാശയെങ്കിൽ രാവിലെ അചു സന്തോഷമാക്കുവാൻ ക്രിസ്തു ഉണ്ടെന്ന് ഒരു ഓർമ്മപ്പെടുത്തലിനുവേണ്ടിയാകാം. ക്രിസ്തു ഇല്ലാത്ത പ്രവൃത്തികൾ പരാജയവും ക്രിസ്തു കടന്നു വരുമ്പോൾ വിജയവും.

എത്ര രാത്രികൾ എങ്ങനെ കഴിച്ചുകൂട്ടും എന്ന് നാം ആവലാതിപ്പെട്ടിട്ടുണ്ട് ഒന്ന് ഓർത്തുനോക്കിക്കേ. ജീവിതം ഇന്നുകൊണ്ട് അവസാനിപ്പിക്കണം എന്ന ചിന്തയിൽ ഉറങ്ങാൻ കിടന്നിട്ടുണ്ട്. എന്നാൽ ഒരു വെളിച്ചം കണ്ട് പ്രഭാതമാകുമ്പോൾ കിട്ടിയ സന്തോഷങ്ങൾ ഇനിയും വിസ്മരിക്കുന്നത് തെറ്റല്ലേ?

ക്രിസ്തു എല്ലാം കാണുന്നുണ്ട് നമ്മുടെ പ്രയത്നങ്ങൾ അദ്ധ്വാനങ്ങൾ എല്ലാം. ഹൃദയവിചാരങ്ങൾ അറിയാത്തവന്റെ മുമ്പാകെയല്ല, അറിയുന്നവന്റെ മുമ്പാകെയാണ് നാം നിൽക്കുന്നത്.

കരയിൽ നിൽക്കുന്നത് ക്രിസ്തു എന്ന് ശിഷ്യന്മാർ അറിഞ്ഞിരുന്നില്ല. അവരെ നോക്കി ക്രിസ്തുവിന്റെ സ്നേഹം, വാത്സല്യം നിറഞ്ഞ ഒരു വിളിയുണ്ട്. "കുഞ്ഞുങ്ങളേ" മക്കളേ എന്നുള്ള സംബോധന. തന്നെ വിസ്മരിച്ച് പ്രവൃത്തിക്കുന്നവരോടുപ്പോലുമുള്ള കർത്താവിന്റെ വാത്സല്യവുമായ പെരുമാറ്റം.

കൂട്ടുവാൻ വല്ലതും 'ഉണ്ടോ' എന്ന് ക്രിസ്തു ചോദിച്ചപ്പോൾ 'ഇല്ല' എന്ന്

മറുപടി. കർത്താവ് കൂടെയിരുന്നപ്പോൾ ഒന്നുമില്ലാതെ അവരെ താൻ അയച്ചപ്പോൾ അവർക്ക് ഒന്നിനും കുറവില്ലായിരുന്നു. എല്ലാം ഉണ്ടായിരുന്നു. സ്വന്തം ഇഷ്ടപ്രകാരം പ്രവൃത്തിച്ചപ്പോൾ ഒന്നുമില്ലാത്ത അവസ്ഥ. ക്രിസ്തു നിർദ്ദേശ പ്രകാരം പടകിന്റെ വലതുഭാഗത്ത് അവർ പല വീശിയപ്പോൾ പെരുത്ത മീൻകൂട്ടം. നമ്മുടെ കഴിവുകളും ബുദ്ധിസാമർത്ഥ്യവും അറിവും സംഘടനാപാടവവും ഒക്കെ ദൈവകൃപയോടു ചേർന്ന് വരുമ്പോൾ ആത്യന്തിക വിജയം കടന്നുവരും. കർത്താവിന്റെ വാക്കുകൾ അനുസരിക്കുന്നവർക്ക് അനുഗ്രഹങ്ങൾ ആവോളം ലഭിക്കും.

1. **അത്ഭുതകരമായ കാര്യസാധ്യം**
2. ശാരീരികവും ആത്മീകവുമായ പ്രതിഫലം.

മീനിന്റെ പെരുപ്പം ഹേതുവായി വല വലിപ്പാൻ കഴിയാതെ വന്നപ്പോൾ യേശു സ്നേഹിച്ച ശിഷ്യൻ പത്രോസിനോട് "അതു കർത്താവു ആകുന്നു." വി. യോഹന്നാൻ ക്രിസ്തുവിനെ തിരിച്ചറിയുന്നു. പത്രോസ് അങ്കി അരയിൽ ചുറ്റി കടലിൽ ചാടി. കർത്താവിന്റെ സാന്നിധ്യം ഗ്രഹിക്കുന്ന വ്യക്തി ബഹുമാനപുരസ്സരം അവന്റെ അടുക്കലേക്ക് കരയിലൂടെയായാലും കടലിലൂടെയായാലും പാഞ്ഞെത്തണം എന്ന ഓർമ്മപ്പെടുത്തൽ. കർത്താവാണെന്നറിഞ്ഞപ്പോൾ കടലിൻ മീതെ വിശ്വാസപൂർവ്വം നടന്നെത്തിയ പത്രോസ് നീന്തിയാണെങ്കിലും ധൃതിയോടെ തിരുസന്നിധി പ്രാപിക്കുന്നു. പത്രോസിന്റെ ധീരതയും വേഗവും നാമും പ്രാപിക്കണം.

3. പ്രാതൽ ഒരുക്കി കാത്തിരിക്കുന്ന ക്രിസ്തു.



Diocese of Asia Pacific establishes another Parish in Melbourne. First Holy Qurbana of St. George Indian Orthodox Church, Melbourne. Chief Celebrant - Dr. Yuhanon Mar Diascoros, Asst. Metropolitan, Diocese of Asia Pacific. The Parish caters for the faithful of Malankara Orthodox Syrian Church in the northern suburbs of Melbourne. Priest In Charge: Fr. Jibin Sabu.



മദ്രാസ് ഭദ്രാസന മർത്തമറിയം വനിതാ സമാജം 'കരുതലിന് ഒരു കൈത്താങ്ങ്' എന്ന പേരിൽ ആവിഷ്കരിച്ച പദ്ധതിയിലൂടെ സമാഹരിച്ച 13,66,000 രൂപ വെല്ലൂർ സ്നേഹഭവന് വേണ്ടി ഭദ്രാസന മെത്രാപ്പോലീത്താ ഗീവർഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്താക്ക് സമാജം ഭദ്രാസന വൈസ് പ്രസിഡന്റ് റവ. ഫാ. സജു ഉണ്ണുണ്ണി, സെക്രട്ടറി ശ്രീമതി ആലീസ് പോൾ, ട്രഷറർ ശ്രീമതി രൂപ ചെറിയാൻ എന്നിവർ ചേർന്ന് കൈമാറി.

വി. യോഹന്നാൻ 21:9-14

കരെക്കു ഇറങ്ങിയപ്പോൾ അവർ തീക്കനലും അതിന്മേൽ മീൻ വെച്ചിരിക്കുന്നതും അപ്പവും കണ്ടു. ക്ഷീണിത്തവശരായ ശിഷ്യന്മാർക്ക് കർത്താവ് ഭോജനം നൽകുന്നു.

യേശുതമ്പുരാൻ അവരോട് "ഇപ്പോൾ പിടിച്ച മീൻ കൊണ്ടുവരുവീൻ" എന്നു പറഞ്ഞു. ഇത് കർത്താവ് ആവശ്യപ്പെടുന്നത് തന്റെ ഭക്തന്മാർക്ക് കർത്താവു നൽകുന്ന സ്വർഗ്ഗീയ വിരുന്നിൽ തങ്ങളുടെ പ്രയത്നഫലമായ തന്റെ ഭക്തർ കൊണ്ടുവന്നു സമർപ്പിക്കുന്നതിനും സ്ഥാനമുണ്ട് എന്ന് സൂചിപ്പിക്കുന്നു.

പത്രോസ് നിറഞ്ഞ വല കരെക്കു വലിച്ചുകയറ്റി. അത്ര വളരെ ഉണ്ടായിരുന്നിട്ടും വല കീറിയില്ല. അവിടെ മൂന്ന് അത്ഭുതങ്ങൾ അവർ കാണുന്നു.

1. വളരെയേറെ മത്സ്യം
2. ഭാരമേറിയിട്ടും വല കീറിയില്ല
3. ഒരുക്കപ്പെട്ട ഭക്ഷണം

153 മത്സ്യങ്ങൾ വ്യത്യസ്ത ഇനമാണെന്നും ലോകത്തിലുള്ള എല്ലാ ജനതതികളേയും പ്രതിനിധീകരിച്ചാണ് മത്സ്യങ്ങളെപ്പറ്റി പറഞ്ഞിരിക്കുന്നതെന്നും വി. ജെറോം പറയുന്നു. അതായത് ലോകജനത ഒന്നാകെ ക്രിസ്തുവിൽ ഒന്നായിതീരും. സഭയുടെ സാർവ്വത്രിക സ്വഭാവത്തെ സൂചിപ്പിക്കുന്നതാണ് പല മത്സ്യങ്ങളെ സ്വീകരിച്ച വലയെന്ന് അലക്സാന്ത്രിയായിലെ വി. സിറിലും, വി. അഗസ്തീനോസും ചൂണ്ടിക്കാട്ടുന്നു. 153 വലിയ മത്സ്യങ്ങൾ ഉണ്ടായിട്ടും വല കീറാതിരുന്നതുപോലെ എല്ലാ ജനവിഭാഗങ്ങളേയും ഭാഷക്കാരേയും ഉൾകൊള്ളുന്ന സഭ ദൈവശക്തിയാൽ ലോകാവസാനത്തോളം നാശം കൂടാതെ നിലനിൽക്കും. 153 എന്നത് 150 സങ്കീർത്തനങ്ങളേയും 3 എന്നതയുടെ പാട്ടുകളേയും സൂചിപ്പിക്കുന്നു എന്നും വ്യാഖ്യാനമുണ്ട്.

ക്രിസ്തുവിനാൽ ഒരുക്കപ്പെട്ട ഭക്ഷണം അത് സ്വർഗ്ഗീയ വിരുന്നാണ്. ഇതിൽ നിന്ന് രണ്ട് കാര്യങ്ങൾ സ്മരണീയമാണ്.

1. തനിക്കുള്ളവരെ താൻ കരുതുന്നു.
2. താൻ നൽകുന്ന ആത്മീക ഭക്ഷണമാകുന്ന വി. കുർബ്ബാനയേയും ഇതു സൂചിപ്പിക്കുന്നു.

ആഹാരത്തിനായി അദ്ധ്വാനിക്കാൻ പോയവരെ ആഹാരവുമായ കർത്താവ് എതിരേൽക്കുന്നു. കർത്താവിനെ വിട്ടുപോയവരായിട്ടും അവരെ കരുതുന്ന കർത്താവ് അവർക്കായി ജീവിക്കുന്നു എന്നവൻ പഠിപ്പിച്ചു. ക്രിസ്തുവിന്റെ ദൈവത്വത്തോടുകൂടി മനുഷ്യത്വവും ഉറപ്പിക്കുന്ന ഒരു സംഭവം കൂടിയാണിത്. ഈ ദിവസം മൂന്നുവിധ ശക്തികൾ നടന്നു.

1. അതിരാവിലെയുള്ള നിന്റെ പ്രത്യക്ഷത
2. ഭക്ഷിപ്പാനുള്ള നിന്റെ ആഗ്രഹം
3. പടകിന്റെ വലതുഭാഗത്ത് വലയിട്ടു കിട്ടിയ മത്സ്യം.

(സന്ധ്യയുടെ പ്രുമിയോൻ)

ചെന്നൈയിലെ ബി.എസ് അബ്ദുർ റഹ്മാൻ ക്രെസെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജിയിൽ നിന്ന് തൊഴിൽ മേഖലയിലെ ആരോഗ്യവും സുരക്ഷയും എന്ന വിഷയത്തിൽ ജെറിൻ ജോൺകുട്ടിക്ക് പി.എച്ച്.ഡി ലഭിച്ചു. കാട്ടകാമ്പാൽ സെന്റ് ഇഗ്നെഷ്യസ് ഓർത്തഡോക്സ് ദേവാലയ അംഗമാണ്. കുന്നംകുളം പറേമ്പാടം തൊലത്ത് വീട്ടിൽ ജോൺകുട്ടി റെയ്ന ദമ്പതികളുടെ മൂത്ത മകനായ ജെറിൻ വെള്ളറക്കാട് തേജസ്സ് എഞ്ചിനീയറിങ് കോളജ് മെക്കാനിക്കൽ വിഭാഗം മേധാവിയാണ്. ഭാര്യ: റിനു ജെറിൻ. മക്കൾ: ജോഹാൻ, ജൂഡ്.



Church Calendar



From the Sea of Failure to the Shore of Grace

(St. John 21:1-14)

Dn. Aaron Joshua John

Introduction: Christ Appears Again at the Shore

After the bewildering and transformative days of Christ's Passion and Resurrection, we arrive at the Sea of Tiberias. The disciples return to the familiar, fishing, but find themselves empty-handed. This passage, however, is not merely about fish or a miracle of abundance. It is about recognition, reconciliation, and the mission of the Church. Just as in Exodus 14:26-31, where God displays His glory by delivering Israel through the Red Sea, here Christ manifests His risen glory not with spectacle, but through presence and provision. He meets His disciples in their weariness, bringing light to their night of futility.

The Gospel of John presents this as the third resurrection appearance, underscoring that the risen Lord is not distant but intimately present, even in ordinary, tired mornings after a long night of struggle. It is a Eucharistic moment: the Lord prepares a meal of bread and fish and invites them to partake. He feeds them, as He had with the five thousand, and as He would in every Divine Liturgy through the bread and wine that become His Body and Blood.

1. The Risen Lord Finds Us in Our Everyday Struggles

The disciples are back at sea, and Peter says, "I am going fishing." It is a statement loaded with exhaustion, uncertainty, and perhaps guilt. These were professional fishermen, yet they caught nothing. The emptiness of the net mirrors the emptiness they felt without their Master.

And yet, it is in this place of futility that Christ appears. Like Elijah hearing God not in the fire or wind but in a whisper, the disciples find Jesus not on a mountain or in a dazzling appearance, but on a shore, in the early morning mist. He simply asks, "Children, have you any food?", a tender, intimate question.

St. Gregory the Theologian says, "Christ is present in our weaknesses, drawing near in humility to lift us toward divine strength." The Gospel reminds us that the Risen Lord meets us where we are - in the fatigue of our efforts, the discouragement of failure, and the ache of absence. He doesn't shame them but offers instruction: "Cast the net on the right side." When they obey, they cannot even haul in the net because of the great number of fish. This abundance is not just a miracle of provision, but a sign of renewed mission. Christ gives them fruitfulness again, not for their own gain, but for the Church.

2. The Church is Fed and Sent by the Risen Lord

As the disciples come ashore, they find a charcoal fire prepared, with fish already on it, and bread. Christ says, "Come and eat." He who is the Bread of Life becomes the host of this sacred breakfast. This is not merely a meal; it is a liturgical moment, the Lord presiding over a sacred table, just as He does through His priests in every Qurbana.

The early Church Fathers saw in this event a foretaste of the heavenly banquet. St. Cyril of Alexandria teaches, "Christ feeds His disciples not only with food but with the understanding of His mysteries." The meal is followed by Peter's restoration and commissioning, which comes in verses just after this pericope. It is no accident that this appearance involves feeding, for the Church's mission is to be both nourished and sent. The Epistle reading from Ephesians 6:10-20 urges us to "put on the full armour of God", for the resurrection does not end our struggles; it transforms them. We are now soldiers of the risen Christ, labouring in the power of the Spirit, nourished by the Eucharist, and commissioned to proclaim the Gospel.

Conclusion

This Gospel invites us to look for the Risen Lord in the shorelines of our lives - not just in churches and sacred places, but in our fatigue, our doubts, and our daily struggles. He is there, waiting with a fire lit, bread broken, and love offered. The resurrection is not just an event in history, it is a present encounter.

Let us, like the beloved disciple, recognize Him: "It is the Lord!" Let us, like Peter, swim toward Him with urgency and love. And let us, as a Church, be nourished by His presence, restored by His mercy, and sent forth in His power.

Christ is Risen! Indeed, He is Risen!



കടമറ്റം സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളിയിൽ മാർ ഗീവർഗീസ് സഹദായുടെ ഓർമ്മ പെരുന്നാളായ മേടം 24-ാം തീയതി ഊട്ട് പെരുന്നാളിന് വികാരി ഫാ. സണ്ണി വർഗീസിന്റെയും സഹവികാരി ഫാ. എൽദോ മത്തായിയുടെയും സാന്നിധ്യത്തിൽ ഫാ. ഒ. വി ഏലിയാസ് കൊടിയേറ്റി.



പത്തനംതിട്ടയിൽ മനോരമ ഹോർത്തൂസ് - കൺകോഡിയ ഫെസ്റ്റിൽ സി. പി ചാണ്ടി - സഭാകവി എന്ന വിഷയത്തിൽ സെമിനാർ നടത്തി. ഡോ. തോമസ് കുരുവിള മോഡറേറ്ററായിരുന്നു. ഡോ. എബ്രഹാം മാർ സെറാഫിം, ഫാ. ഡോ. മാത്യു ഡാനിയേൽ, ഫാ. ഡോ. എം. ഒ. ജോൺ എന്നിവർ ചർച്ചയിൽ പങ്കെടുത്തു. തുമ്പമൺ ഭദ്രാസനത്തിന്റെ ശതോത്തര സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായിട്ടാണ് കോൺകോഡിയ ഫെസ്റ്റ് സംഘടിപ്പിച്ചിരിക്കുന്നത്. ❑

മറുപുറം

In Memory of Her...

(ഗുരുവിനൊപ്പം ഉയർത്തെഴുന്നേറ്റ് അവളുടെ തൈലം)

ഫാ. അജീഷ് ബാബു

ക്രൂശിലേക്ക് നീങ്ങുന്ന കർത്താവിനെ സൂക്ഷിച്ചു നോക്കിയാൽ അവൾ തേച്ച തൈലം ആ ശരീരത്തിലെ മുറിവുകളെ മൂടി സുഖപ്പെടുത്തി കൊണ്ടേയിരിക്കുന്നു. ചാട്ടവാർ കൊണ്ട് പ്രഹരം ഏൽപ്പിച്ച പാടുകളിൽ, മുറിവുകളിൽ നിന്നും തൈലത്തിന്റെ സുഗന്ധം വല്ലാതെ പരക്കുന്നു. അന്യായത്തിന്റെ വിധി പ്രഖ്യാപിക്കുമ്പോഴും, ജനം ക്രൂശിക്കാൻ വല്ലാതെ ആക്രോശിക്കുമ്പോഴും യൂദാ സ്നേഹത്തിന്റെ ചുംബനം കൊണ്ട് ഗുരുവിനെ ഒറ്റുമ്പോഴും അവളുടെ തൈലം അടയാളമായി ഗുരുവിനെ പൊതിഞ്ഞു നിൽക്കുന്നു. യേശുവിന്റെ ശരീരത്തെ തൈലാഭിഷേകത്താൽ ത്യാഗത്തിനായി, യാഗത്തിനായി, ഒരുക്കുന്ന പ്രവൃത്തിയാണു സ്ത്രീ ചെയ്തത്. ഗുരുവിന്റെ ശരീരത്തിൽ ഇത് തൈലം ഒഴിച്ചതിനാൽ ശകാരത്തിന്റെ വാക്കുകൾ അവളും ഗുരുവും കേട്ടതാണ്. ദരിദ്രർക്ക് നന്മ ചെയ്യുവാൻ മറന്നുപോയ പോയവളാണ് നീയെന്ന് അവളെ ആക്ഷേപിച്ചു പറഞ്ഞു.

ഒരർത്ഥത്തിൽ എല്ലാകാലത്തും ഗുരു ധ്യാനത്തിലെ ഒരു പൂമ്പാറ്റയാണ് അവൾ. ധ്യാനപൂർവ്വം പൂവിൽ നിന്ന് തേൻ നുകരുന്ന ദൈവത്തിന്റെ പൂമ്പാറ്റ. യേശുവിന്റെ സഹന വഴികളെ അവൾ മുൻകൂട്ടി തിരിച്ചറിയാൻ അവൾ ഒരു ദീർഘദർശി ആയിരുന്നോ?.

അല്ല... നിഷ്കളങ്കർ ചെയ്യുന്നതെല്ലാം ദൈവത്തിന്റെ പ്രവർത്തിയാണ്.

വിലയേറിയ സ്വച്ഛജടാമാംസിതൈലം എന്നാണ് ആ തൈലത്തെ പറയുന്നത്. എന്തിന്റെ പേരിൽ ആവാം ഇതിന് ഇത്രയധികം വില.

സ്വച്ഛജടാമാംസിതൈലവും അത് വച്ചിരുന്ന വെൺകൽഭരണിയും വിലയേറിയതും അക്കാലത്തെ ഏറ്റവും ധനാഢ്യരായവർ വലിയ ചടങ്ങുകൾക്കായി ഉപയോഗിച്ചിരുന്നതുമാണ്. ഒരുപക്ഷേ ആ ഭവനത്തിലെ ഭൗതിക സമൃദ്ധിയുടെ അടയാളമാണ് സ്വച്ഛജടാമാംസിതൈലവും വെൺകൽഭരണിയും. ഈ സമൃദ്ധിയെ ദരിദ്രർക്ക് പങ്കുവെക്കുവാൻ മറന്നുപോയി എന്ന് ഒരു സമൂഹം പറയുമ്പോൾ. അവൾ ഒറ്റയ്ക്ക് എടുക്കുന്ന തീരുമാനം ഗുരുവിന്റെ ശരീരം മുഴുവൻ ഉള്ളതാണ്. ആഭരണിയിലെ തൈലം മുഴുവനും യേശുവിന്റെ ശരീരത്തിൽ ഒഴിക്കുക വഴി സഹന വഴികൾക്ക് ദൈവത്തിന്റെ ആവരണം അവൾ ഇട്ടു.

അവളുടെ ഓർമ്മയ്ക്ക് ഒരിക്കലും മരണമുണ്ടാകയില്ല എന്ന് ഗുരു പറയുമ്പോൾ അത് സത്യമാണ്...

നീ സത്യമാണ്...

In Memory of Her...

ആ പച്ചമരം ക്രിസ്തുവിന്റെ ശരീരത്തെ താങ്ങി നിർത്തുമ്പോൾ അവളുടെ തൈലത്തിന്റെ സുഗന്ധം മരത്തെ മുഴുവനും മൂടുന്നു. ആ കള്ളന്മാർ കിടന്ന കുരിശു മരങ്ങളോട് ക്രിസ്തുവിന്റെ കുരിശു പറഞ്ഞു, പച്ചമരം പറഞ്ഞു...

'എന്നെ തഴുകുന്നത് അവളുടെ സ്നേഹത്തിന്റെ തൈലമാണ്. എന്നിൽ ക്രൂശിക്കപ്പെട്ടവൻ ഉയർത്തെഴുന്നേൽക്കും അതോടൊപ്പം അവളുടെ തൈലവും ഉയർക്കും.'

ഗുരുവിനൊപ്പം ഉയർത്തെഴുന്നേൽക്കുന്ന തൈലം...

In Memory of Her...

നമ്മൾ...

മൗനത്തിന്റെ പുതപ്പണിഞ്ഞ് മനുഷ്യരിൽ നിന്ന് ഇറങ്ങി നടന്നിട്ടില്ലേ?


ഒന്നോർത്തു നോക്കിയാൽ എത്രയെത്ര മനുഷ്യരിൽ നിന്ന് അവരുടെ സ്നേഹങ്ങളിൽ നിന്നൊക്കെയാണ് നമ്മൾ ഇറങ്ങി നടന്നത്?

ചിലർ നമ്മിൽ നിന്ന് ഇറങ്ങി പോയത്?

ജീവിച്ച ജീവിതത്തിന്റെ പിൻവഴികളിൽ നമ്മളാൽ ഉപേക്ഷിക്കപ്പെട്ടു പോയ മനുഷ്യരെ കുറിച്ചൊന്നോർത്തു നോക്കൂ.

ശരിക്കും നമ്മൾ അവരെ സ്നേഹിച്ചിരുന്നോ?

റവ. ഡോ. ആർ. സി. തോമസിന്റെ "അമ്മേ... സ്നേഹസാഗരമേ..." എന്ന പുസ്തകത്തിൽ അനേകം പേരുടെ അമ്മ ഓർമ്മകളാണ്. അതിൽ എന്റെ അമ്മയെ കുറിച്ച് എഴുതിയ കുറിപ്പ്.



അമ്മ വിചാരങ്ങളിലെ 'ചില വിശുദ്ധ കള്ളങ്ങൾ'

അമ്മ ഓർമ്മകൾ എല്ലാ കാലത്തും മരുഭൂമിയിൽ വസന്തകാലം വരുന്നതുപോലെയാണ്. അമ്മയെ കുറിച്ച് പറയുന്ന വാക്കുകൾ വസന്തകാലത്തെ തേൻ കുടിച്ച വണ്ടിന്റെ അനുഭവമാണ്. ചിലപ്പോൾ തോന്നും നുണ പറഞ്ഞു അമ്മ എല്ലാ കാലവും സ്നേഹിച്ചിരുന്നു, ഇന്നും സ്നേഹിക്കുന്നു. നുണക്കുഴിയില്ലാത്ത എന്റെ അമ്മ എനിക്കുവേണ്ടി എത്രമാത്രം എന്നോടും മറ്റുള്ളവരോടും നുണ പറഞ്ഞു.

എന്റെ കുഞ്ഞു പ്രായം ഞാനൊരു ചെറിയ വീട്ടിലാണ് ജനിച്ചുവളർന്നത്. കളിക്കാനും വളരാനും വളരെ പരിമിതമായ സ്ഥലങ്ങൾ. കശുമാവിൽ നിന്ന് തറയിൽ വീഴുന്നത് ആരുംകാണാതെ അമ്മ പെറുക്കി സൂക്ഷിക്കും. എന്നിട്ട് പറയും "മഴയത്ത് നമുക്കത് ചുട്ടു തല്ലി തിന്നാം." ഞാനും എന്റെ സഹോദരിയും അങ്ങനെയാണ് വിചാരിച്ചിരുന്നത് എന്നാൽ സ്കൂൾ തുറക്കാറാകുമ്പോഴേക്കും വസ്ത്രങ്ങളും ബാഗും വാങ്ങാൻ നടത്തുന്ന തയ്യാറെടുപ്പുകളാണ് എന്ന് പിന്നീട് മനസ്സിലാകും. ചെറിയ നുണകൾ പറഞ്ഞു ഒരു ഉറുമ്പിനെപ്പോലെ കരുതുന്ന അമ്മ സ്നേഹം. സ്കൂൾ വിദ്യാഭ്യാസകാലം അമ്മ സ്നേഹം ഒരു മഴ പോലെ എന്റെ ഉള്ളിൽ പെയ്തിറങ്ങിയ കാലം തന്നെയായിരുന്നു. ചിലപ്പോഴൊക്കെ സുഹൃത്തുക്കളും, ബന്ധുക്കളായ കുഞ്ഞുങ്ങളും വീട്ടിൽ വരുമ്പോൾ അമ്മയുടെ ചോറാണ് പകുത്തു കൊടുക്കുന്നത്. അവസാനം ഞാൻ ഭക്ഷണം കഴിക്കാൻ ഇരിക്കുമ്പോൾ പറയും, 'നീ ഇതുകൂടി കഴിക്ക്. എനിക്ക് വിശക്കുന്നില്ല.' വീട്ടിൽ മീനോ ഇറച്ചിയോ വാങ്ങുന്നത് വിരളമായിരുന്നു.

എന്റെ അരികിലിരുന്ന് ഞാൻ കഴിക്കുന്നതു നോക്കി സംതൃപ്തിയോടെ നോക്കിയിരിക്കും. മീനിന്റെ നല്ല ഭാഗം കഴിച്ചശേഷം മിച്ചം വരുന്ന മുള്ള് അരികിൽ മാറ്റിവയ്ക്കുമ്പോൾ അമ്മ അതെടുത്ത് അതിൽ പറ്റിയിരിക്കുന്ന മീനിന്റെ പൊട്ടും പൊടിയും വായിലിട്ട് ഈമ്പിയെടുക്കും. ഇതുകണ്ട് മനസ്സു വേദനിച്ച് ഞാൻ അമ്മക്ക് മീനിന്റെ ബാക്കിയുള്ള കഷണം കൊടുക്കാൻ ശ്രമിക്കും. അപ്പോൾ അമ്മ പറയും... 'വേണ്ട... മീൻ എനിക്കത്ര ഇഷ്ടമല്ല മോനേ.'

നല്ല വസ്ത്രം ധരിക്കാതെയും, നല്ല ഭക്ഷണം കഴിക്കാതെ എത്രമാത്രം വിശുദ്ധ കള്ളങ്ങൾ അമ്മ പറഞ്ഞു.

വൈദികനായ ശേഷം താമസിച്ച് വീട്ടിൽ വരുമ്പോഴും, പ്രാർത്ഥനയുടെ സമയം തെറ്റിക്കുമ്പോഴും പറയുന്ന വാക്ക് 'അച്ചൻനാണ് മറക്കരുത്.' ഇന്ന് ചിലപ്പോൾ തോന്നും ഞങ്ങളെക്കാൾ ഞങ്ങളുടെ മക്കളെയാണ് അമ്മ സ്നേഹിക്കുന്നത് എന്ന് ചിലപ്പോൾ തോന്നും. ഞങ്ങൾ മക്കളെ വഴക്കു പറയുമ്പോൾ അമ്മച്ചി അവർക്കുവേണ്ടി വക്കീൽ വസ്ത്രം ധരിക്കും, കള്ളം പറയും...

വിശുദ്ധ കള്ളം... ക്രിസ്തുവിനെ അനുഗമിക്കാൻ പത്രോസിന് ആ രാത്രിയിൽ അവരോട് മൂന്നുപ്രാവശ്യം വിശുദ്ധമായ കള്ളങ്ങൾ പറയേണ്ടി വന്നു...